പതിനാലാം കേരള നിയമസഭ

**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം

## (SOCIAL SERVICES)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2016 ഒക്ടോബർ ..20....-ാം തീയതി സമർപ്പിച്ചത്
(Presented on 20th... October 2016)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം

# (SOCIAL SERVICES)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2016 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31ST MARCH 2016)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

991/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 39 |

# സബ്ജക്ട് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

## (2016-18)

### ഘടന

ചെയർമാൻ :

ശ്രീ. എ. കെ. ബാലൻ,

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവുംസാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി സി. കെ. ആശ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. എം. മുകേഷ്

ഡോ. എം. കെ. മുനീർ

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. സി. കെ. ശശീന്ദ്രൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII (2013-16) ന്റെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി XIII, 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പതിമൂന്നാം കേരള നിയമസഭയുടെ, 28-6-2011-ന് രൂപീകൃതമായ 2011-13 കാലയളവിലേക്കുള്ള സബ്ജക്ട് കമ്മിറ്റി XIII-ന്റെ കാലാവധി 2013 ഡിസംബർ 27-ന് അവസാനിക്കുകയും തുടർന്ന് 2013-16 കാലയളവിലേക്കുള്ള സമിതി 27-12-2013-ലെ ബുള്ളറ്റിൻ നമ്പർ 463 പ്രകാരം രൂപീകൃതമാവുകയും ചെയ്തു.

2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ സമിതി 8 യോഗങ്ങളും ഒരു അഖിലേന്ത്യാ പഠനയാത്രയും നടത്തുകയുണ്ടായി. ഇതിൽ 2 യോഗങ്ങൾ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് വേണ്ടിയും ഓരോ യോഗം വീതം 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കും 2014-15 വർഷത്തെ സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2015 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവയുടെ പരിഗണനയ്ക്ക് വേണ്ടിയും 2 യോഗങ്ങൾ കരട് ചട്ടങ്ങൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, പെന്റിംഗ് ഫയലുകൾ എന്നിവയുടെ പരിഗണനയ്ക്കുവേണ്ടിയും 2 യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കുവേണ്ടിയും ഉള്ളതായിരുന്നു. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർനില 43% ആയിരുന്നു.

ഈ റിപ്പോർട്ട് 3 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ റിപ്പോർട്ട് കാലയളവിൽ വിവിധ വിഷയങ്ങൾ സംബന്ധിച്ച് സമിതിയുടെ പ്രവർത്തനങ്ങളും രണ്ടാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും മൂന്നാം അദ്ധ്യായത്തിൽ ചട്ടം 236(5) പ്രകാരം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെയും ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച ആനുവൽ പെർഫോമൻസ് റിപ്പോർട്ടുകളുടെയും വിവരങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2016 സെപ്റ്റംബർ 20-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിച്ചു.

എ. കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2016 സെപ്റ്റംബർ 20.

# റിപ്പോർട്ട്

## അദ്ധ്യായം 1

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII ന്റെ പരിധിയിൽ വരുന്നതുമായ താഴെ പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന 2015 ഏപ്രിൽ 20, മെയ് 6 എന്നീ തീയതികളിൽ ചേർന്ന സമിതിയോഗങ്ങളിൽ നടത്തുകയും ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2015 മെയ് 20-ാം തീയതിയിലെ യോഗം അംഗീകരിക്കുകയും 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

(ബി) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2015 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ 2015 ജൂൺ 3-ാം തീയതിയിലെ സമിതി യോഗം അംഗീകരിക്കുകയും 2015 ജൂൺ 29-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

991/2016.

(സി) ബില്ലുകളുടെ പരിശോധന

(i) 2015 ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ, 07.12.2015 ലെ യോഗം ഭേദഗതി കൂടാതെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 2015 ഡിസംബർ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ii) 2016 ലെ അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ, 16.02.2016 ലെ സമിതി യോഗത്തിൽ ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 2016 ഫെബ്രുവരി 17-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) ചട്ടങ്ങളുടെ പരിശോധന

കിർത്താഡ്സ് സബോർഡിനേറ്റ് സർവ്വീസ്, 2007 വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടങ്ങൾ, സമിതിയുടെ 05.02.2016 ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

# അദ്ധ്യായം II

- ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ താഴെ പറയുന്ന ശിപാർശകളും അവ നടപ്പിലാക്കിയതു സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികളും 20.05.2015, 03.12.2015, 05.02.2016 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു

## 2007-08 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

### ശിപാർശ

"തടവുകാരുടെ കുട്ടികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള ഇൻഡിജന്റ് കൺവിക്ട് സ്കീമിനെക്കുറിച്ച് സമൂഹം അജ്ഞരാണെന്നും ഈ കുട്ടികളുടെ പഠനത്തിനും മറ്റു ക്ഷേമപ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ചെലവഴിക്കാതെ പോകുന്നതിനു കാരണം ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ അറിയപ്പെടാത്തതാണെന്നും ഇതിനായി ഈ സ്കീമിനെക്കുറിച്ചും സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിലെ മറ്റെല്ലാ ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച പദ്ധതികളെക്കുറിച്ചും ജനങ്ങൾക്ക് അറിവു നൽകുന്നതിനായി ടെലിവിഷനിലൂടെയും വർത്തമാന പത്രങ്ങളിലൂടെയും അടിക്കടി പ്രചാരണം നൽകണമെന്നും അതോടൊപ്പം സാമൂഹ്യപ്രവർത്തകർക്ക് ഇത്തരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് അറിവ് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 146)

പ്രസ്തുത ശിപാർശയിന്മേൽ ആഭ്യന്തര (ബി) വകുപ്പിൽ നിന്നും 08.04.2014-ലെ 28544/ബി1/2014/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടിയിൽ ഇപ്രകാരം അറിയിച്ചിരുന്നു.

" കുറ്റകൃത്യങ്ങളിലേർപ്പെട്ട് ശിക്ഷിക്കപ്പെട്ടവരുടെ സന്മാർഗ്ഗീകരണ, ശുദ്ധീകരണ സേവനങ്ങളും കുറ്റം ആരോപിക്കപ്പെട്ട് ജയിലിൽ കഴിയുന്നവരുടെ

സംരക്ഷണവുമാണ് ജയിൽ വകുപ്പിന്റെ ചുമതലയിൽ വരുന്നത്. അക്രമത്തിന് ഇരയാകുന്നവരെ സംരക്ഷിക്കുന്നതിനും അവരുടെ മക്കളുടെ സംരക്ഷണവും ജയിൽ വകുപ്പുമായി ബന്ധപ്പെട്ട വിഷയമല്ല. ഈ വിഷയം സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ആയതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുവാൻ പ്രസ്തുത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ സംരക്ഷണത്തിന് ഫണ്ട് രൂപീകരിക്കുന്ന വിഷയത്തിൽ ജയിൽ വകുപ്പിന് നടപടി എടുക്കുവാൻ നിർവ്വാഹമില്ലെന്നുള്ള വിവരം അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് 24.09.2014 ലെ സമിതി യോഗം പരിഗണിക്കുകയും അക്രമത്തിന് ഇരയാകുന്നവരുടെയും അവരുടെ മക്കളുടെയും സംരക്ഷണം സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ടതാണെന്ന് ആഭ്യന്തര വകുപ്പ് അറിയിച്ചതിനാൽ ഇക്കാര്യത്തിൽ സാമൂഹ്യനീതി വകുപ്പിനോട് തുടർ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്മേൽ സാമൂഹ്യനീതി വകുപ്പിലെ 27.7.2015 ലെ 1726/ബി3/2015/സാനീവ നം കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

24.12.2001-ലെ ജി.ഒ.(എം.എസ്) നം.33/2001/സാക്ഷേവ ഉത്തരവ് പ്രകാരം അക്രമത്തിന് ഇരയാകുന്നവരുടെ സംരക്ഷണത്തിനായി വിക്ടിം റിഹാബിലിറ്റേഷൻ സ്കീം സാമൂഹ്യനീതി വകുപ്പിൽ നിലവിലുണ്ടായിരുന്നു. അക്രമത്തിന് ഇരയാകുന്ന വ്യക്തി മരണപ്പെടുകയാണെങ്കിൽ ആശ്രിതരെന്ന നിലയിൽ മകൻ/മകൾ, മാതാപിതാക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ എന്നിവർക്ക് ധനസഹായം നൽകുകയും അക്രമത്തിനിരയാകുന്ന കുട്ടികൾക്ക് പ്രായപൂർത്തിയാകുന്നതുവരെ ധനസഹായത്തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിരുന്നു. കളക്ടർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയാണ് ധനസഹായത്തിനുള്ള അപേക്ഷ പരിഗണിച്ചിരുന്നത്. എന്നാൽ 24.02.2014-ലെ സ.ഉ.(എം.എസ്) നം. 37/2014/ആഭ്യന്തര നമ്പർ ഉത്തരവ് പ്രകാരം ഈ പദ്ധതി കേരള വിക്ടിം കോമ്പൻസേഷൻ സ്കീം എന്ന പേരിൽ ആഭ്യന്തര

വകുപ്പ്, ലീഗൽ സർവ്വീസ് അതോറിറ്റി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷം മുതൽ ഈ പദ്ധതിയിൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കുന്നില്ല.

(സർക്കാർ കത്ത് നം.1726/ബി3/2015/സാനീവ. തീയതി 27.05.2015)

## I) സമിതി ആവശ്യപ്പെട്ട അധിക വിവരം

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII ന്റെ 18.02.2014 ലെ യോഗം, 2014-15 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥന നമ്പർ XXV ന്റെ പരിധിയിൽ വരുന്ന കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചുവടെ പറയുന്ന വിഷയം സംബന്ധിച്ച വിശദാംശം സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി.

കമ്മീഷൻ നിലവിൽ വന്നതു മുതൽ "പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ടിലെ" സെക്ഷൻ 3 ഉൾപ്പെടുത്താതെ കേസ്സെടുത്ത പരാതികളിൽ കമ്മീഷന്റെ ഇടപെടൽ മൂലം എത്ര കേസ്സുകളിൽ സെക്ഷൻ 3 കൂടി ഉൾപ്പെടുത്തി കേസ്സ് ചാർജ്ജുചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള വിശദാംശം.

## അധിക വിവരം സംബന്ധിച്ച മറുപടി

കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ നിലവിൽ വന്നതു മുതൽ 31.03.2014 വരെ 1989 ലെ പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും(അതിക്രമം തടയൽ) നിയമം പ്രകാരം സെക്ഷൻ 3-ൽ ഉൾപ്പെടുത്തി 40 കേസുകൾ രജിസ്റ്റർ ചെയ്തതായി ബഹു. പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നം.19997/എഫ്3/14/പജപവവിവ തീയതി 03.12.2015)

2) സമിതി ആവശ്യപ്പെട്ട അധികവിവരം

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII ന്റെ 2013 മാർച്ച് 19-ാം തീയതിയിലെ യോഗം കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ദത്തെടുക്കുന്ന കുട്ടികളുടെ മാനസിക വികാസം സംബന്ധിച്ച് വിലയിരുത്തവെ നാലോ അഞ്ചോ വയസ്സുള്ള ഒരു കുട്ടി, തന്റെ കൂടെയുള്ളത് യഥാർത്ഥ അച്ഛനും അമ്മയും അല്ല എന്നറിയുമ്പോൾ കുട്ടിയ്ക്ക് അവരോടുള്ള അടുപ്പത്തിന് കുറവുണ്ടാകുന്നതായും ഇത് കുട്ടികളിൽ ഗുരുതരമായ മാനസിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായും പറയുകയും ഇക്കാര്യം ചർച്ച ചെയ്തപ്പോൾ ബോധ്യമായിട്ടുണ്ടെന്നും ഇത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

അധികവിവരം സംബന്ധിച്ച മറുപടി

സാമൂഹ്യനീതി വകുപ്പ്

1. അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന മാതാപിതാക്കളോട് രജിസ്റ്റർ ചെയ്യുന്ന സമയത്തും പ്രീ അഡോപ്ഷൻ കൗൺസിലിംഗിന്റെ സമയത്തും കുടുംബസംഗമങ്ങളിലും ദത്തെടുക്കപ്പെട്ടതാണെന്നുള്ള വിവരം കുട്ടിയെ അറിയിക്കണമെന്ന് എല്ലാ അഡോപ്ഷൻ ഏജൻസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.
2. സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ വഴി ദത്തെടുക്കുന്ന മാതാപിതാക്കൾക്ക് ദത്തെടുക്കുന്നതിനു മുൻപും ദത്തെടുത്തതിനു ശേഷവും ആവശ്യമായ കൗൺസിലിംഗ് നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ഓരോ ഏജൻസിയും പാലിക്കപ്പെടുന്നുണ്ട്. മുതിർന്ന കുട്ടികളെ ദത്തെടുക്കുന്ന മാതാപിതാക്കൾ അവരിൽ നിന്നും ഏന്തെങ്കിലും പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണെങ്കിൽ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിനെയോ അല്ലെങ്കിൽ സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയെയോ ബന്ധപ്പെടാവുന്നതാണ്.
3. സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ വർഷത്തിൽ ഒരിക്കൽ ദത്തെടുത്ത മാതാപിതാക്കളെയും കുട്ടികളെയും വിളിച്ചുചേർത്ത് ഒരു

കുടുംബസംഗമം സംഘടിപ്പിക്കാറുണ്ട്. അതുപോലെ തന്നെ കേരള അഡോപ്റ്റീവ് ഫാമിലി ഓർഗനൈസേഷന്റെ നേതൃത്വത്തിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കുടുംബ സംഗമം നടത്താറുണ്ട്.

4. എല്ലാ ജില്ലയിലെയും സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികളുടെയും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ അഡോപ്ഷനുമായി ബന്ധപ്പെട്ട ഇൻഫർമേഷൻ കൗണ്ടർ, ബോധവൽക്കരണ ക്ലാസ്, ലഘുലേഖ വിതരണം, പോസ്റ്റർ പ്രദർശനം എന്നിവ സ്കൂളുകൾ, ആശുപത്രികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ നടപ്പിലാക്കുന്നു.

5. നിലവിൽ ദത്തെടുക്കപ്പെട്ട കുട്ടികൾക്കുവേണ്ടി ഹെൽപ്പ്ലൈൻ സർവ്വീസുകൾ ഇല്ല. എന്നാൽ കുട്ടികൾക്ക് വേണ്ടിയുള്ള ചൈൽഡ് ലൈനിന്റെ ഹെൽപ്പ് ലൈൻ നമ്പറായ 1098 മുഖേന അവർക്ക് അവരുടെ പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുമായി പങ്കുവെയ്ക്കാവുന്നതാണ്.

(സർക്കാർ കത്ത് നം.14248/സി2/2015/സാനീവ തീയതി 02.12.2015)

## അദ്ധ്യായം III

### (എ) ചട്ടം 236(5) പ്രകാരമുള്ള, ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനു ശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത്തെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനു ശേഷം, ഖണ്ഡിക 1, 2, 3, 7, 8 ശിപാർശയിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ശ്രീ. എ. പി. അനിൽ കുമാർ 14.12.2015 ലും ഖണ്ഡിക 59 ലെ ശിപാർശയിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് സമിതി ചെയർമാൻ പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ 16.02.2016 ലും സഭയിൽ സമർപ്പിക്കുകയുണ്ടായി.

2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 1, 2, 5, 16 ഖണ്ഡികകളിലെ ശിപാർശയിൻമേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ 01.07.2015 ലും ഖണ്ഡിക 3, 4 ലെ ശിപാർശയിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ 01.12.2015 ലും ഖണ്ഡിക 6 ലെ ശിപാർശയിൻമേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് 14.12.2015 ലും പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ശ്രീ. എ. പി. അനിൽകുമാർ സഭയിൽ സമർപ്പിച്ചു. ഖണ്ഡിക 12 ലെ ശിപാർശയിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് 14.12.2015 ലും ഖണ്ഡിക 17 മുതൽ 41 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ 01.07.2015 നും പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി ശ്രീമതി പി. കെ. ജയലക്ഷ്മി സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

## 2011-12 ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

### ശിപാർശ

മെഡിക്കൽ, ആയുർവേദം, ഹോമിയോപ്പതി, എഞ്ചിനീയറിംഗ്, ലാ, അഗ്രികൾച്ചർ, വെറ്ററിനറി, പോളിടെക്നിക്കുകൾ, ബിസിനസ്സ് മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുന്നതിനു വേണ്ട പുസ്തകങ്ങൾ, അലമാര എന്നിവ വാങ്ങുന്നതിനായി ഇത്തരം സ്ഥാപനങ്ങളിലെ ലൈബ്രറികൾക്കു ധനസഹായം നൽകുന്നതിനുള്ള 'ബുക്ക് ബാങ്ക്' പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സ്വീകരിച്ച നടപടി

മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായി 2225-01-277-98(പ്ലാൻ, നോൺ പ്ലാൻ) ശീർഷകങ്ങളിലായി യഥാക്രമം 12000.00 ലക്ഷം, 1600.09 ലക്ഷം രൂപ വീതം വകയിരുത്തിയിരുന്നു. ആയതിൽ യഥാക്രമം 11916.74 ലക്ഷം, 1584.19 ലക്ഷം രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. പ്രത്യേക പദ്ധതിയിൽ ടി തുക പര്യാപ്തമായിരുന്നുവെന്ന് അറിയിക്കുന്നു.

(സർക്കാർ കത്ത് നം. 26860/സി2/2011/പജപവവിവ തീയതി 24.06.2014)

### ശിപാർശ

4-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും പഠിയ്ക്കുന്ന മിടുക്കരായ വിദ്യാർത്ഥികളെ മത്സരപരീക്ഷകളിലൂടെ കണ്ടെത്തി മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിനാവശ്യമായ സ്കോളർഷിപ്പുകളും മറ്റ് പഠന സൗകര്യങ്ങളും നൽകുന്നതിനും എസ്.എസ്.എൽ.സി., ഹയർസെക്കന്ററി, ബിരുദം, ബിരുദാനന്തരബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നീ

പരീക്ഷകളിൽ വിജയിക്കുന്ന പ്രഗത്ഭരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുമായുള്ള ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 186 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

നൈപുണ്യ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതികൾക്കായി 2225-01-277-95 ശീർഷകത്തിൽ വകയിരുത്തിയ 3,50,00,000/- രൂപ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പര്യാപ്തമായിരുന്നു. ഇതിനായി തൻവർഷം 2,25,58,000/- രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളൂ. ആകയാൽ അധിക തുക ആവശ്യമില്ലായെന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നം. 13142/എ 2/2014/പജപവിവി. തീയതി 18.07.2014)

<u>ശിപാർശ</u>

സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം, ശുചിത്വഹീന തൊഴിലുകൾ, തുകൽ നിർമ്മാണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ആശ്രിതരായ പാവപ്പെട്ട കുട്ടികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ്, ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് പ്രതിമാസ അലവൻസ് എന്നിവ നൽകുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

മുൻകാലങ്ങളിൽ വൃത്തിഹീനമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതിക്കാരുടെ ആശ്രിതരുടെ ഉന്നമനം ലക്ഷ്യമാക്കി 2225-01-277-61(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപയിൽ മുഴുവൻ തുകയും

ചെലവഴിച്ചിട്ടുണ്ട്. ടി വർഷം പ്രസ്തുത പദ്ധതിക്കായി അധിക തുക വേണ്ടിവന്നിട്ടില്ലെന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നം.13142/എ 2/2014 പജപവവിവ തീയതി 18.07.2014)

ശിപാർശ

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നതും 1970-ൽ കേരള ഗ്രന്ഥശാലാ സംഘത്തിന് കൈമാറിയതുമായ ലൈബ്രറികളിലെ ലൈബ്രേറിയന്മാർക്ക് ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 14 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നതും 1970-ൽ കേരള ഗ്രന്ഥശാല സംഘത്തിന് കൈമാറിയതുമായ ലൈബ്രറികളിലെ ലൈബ്രേറിയന്മാർക്ക് ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി തുക വകയിരുത്തിയിട്ടുള്ള "2225-01-277-97 വയോജന വിദ്യാഭ്യാസം" എന്ന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള "2225-01-191-50 (കോർപ്പറേഷനുകൾക്കുള്ള ധനസഹായം)" പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. "2225-01-277-97" ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷം 7,98,600/- രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുകയിൽ നിന്നും തിരുവനന്തപുരം ജില്ലയ്ക്ക് 5,00,000/- രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിനായി വകയിരുത്തിയിരുന്ന തുക പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതായി വന്നില്ല.

(സർക്കാർ കത്ത് നം.26860/സി2/2011/പജപവവിവ തീയതി 24.06.2014)

ശിപാർശ

പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന ഹൈസ്കൂളിലേയും അപ്പർ പ്രൈമറി സ്കൂളിലേയും വിദ്യാർത്ഥികൾക്ക് കണക്ക്, സയൻസ്, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങളിൽ ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. ട്യൂഷൻ അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ

ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

പ്രീ മെട്രിക് ഹോസ്റ്റലുകളിലെ ട്യൂട്ടോറിയൽ സമ്പ്രദായം നടപ്പിലാക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം ആകെ (കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത്) 60 ലക്ഷം രൂപ 2225-01-277-61(പി) ശീർഷകത്തിൽ വകയിരുത്തിയിരുന്നു. ഇതിൽ കോർപ്പറേഷനിൽ നിന്ന് പ്രസ്തുത പദ്ധതി അനുസരിച്ചുള്ള സ്ഥാപനങ്ങൾ ഒന്നും ഇല്ലാത്തതിനാൽ ഇതിനായി വകയിരുത്തിയിരുന്ന 10 ലക്ഷം രൂപ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.12888/12/ഫിൻ തീയതി 30.03.2012 പ്രകാരം റീ അപ്രോപ്രിയേറ്റ് ചെയ്യുകയുണ്ടായി.ബ്ലോക്ക് പഞ്ചായത്തിനായി അനുവദിച്ചിരുന്ന 25,00,000/- രൂപ പദ്ധതി നിർവ്വഹണത്തിന് അപര്യാപ്തമായതിനാൽ 30,00,000/- രൂപ കൂടി റീ അപ്രോപ്രിയേഷൻ മുഖേന സർക്കാർ ഉത്തരവ്(ആർ.റ്റി.) നം. 2888/12/ഫിൻ തീയതി 30.03.2012 പ്രകാരം ലഭിച്ചിരുന്നു. മുനിസിപ്പാലിറ്റിക്കായി വകയിരുത്തിയ 25,00,000/- രൂപ പദ്ധതി നടത്തിപ്പിന് പര്യാപ്തമായിരുന്നു. ഇപ്രകാരം 2225-01-277-88 ശീർഷകത്തിൽ പുതുക്കി ലഭിച്ച (55,00,000+25,00,000) 80,00,000/- രൂപ പദ്ധതി നടപ്പിലാക്കുന്നതിന് പര്യാപ്തമായിരുന്നു. ടി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് അനുവദിച്ച് നൽകുന്നത്.

(സർക്കാർ കത്ത് നം.13142/എ 2/2014/പജപവവിവ തീയതി 18.07.2014)

<u>ശിപാർശ</u>

'2235-02-101-79-തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവർക്കുള്ള ധനസഹായം' എന്ന ശീർഷകത്തിൽ ശയ്യാവലംബരായുള്ള നിത്യരോഗികളെ പരിചരിക്കുന്ന ആൾ/കുടുംബാംഗത്തിന് നൽകുന്ന പ്രതിമാസ പെൻഷൻ 300 രൂപയിൽ നിന്നും 500 രൂപയായി ഉയർത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

21.08.2013 ലെ സ.ഉ.(എം.എസ്)67/13/സാനീവ ഉത്തരവ് പ്രകാരം തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ ശയ്യാവലംബരായി വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്ക് നൽകുന്ന ആശ്വാസകിരണം പദ്ധതി ധനസഹായം 400 രൂപയിൽ നിന്നും 525 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.
(സർക്കാർ കത്ത് നം.249/സി2/2012/സാനീവ തീയതി 03.02.2016)

## 2012-13 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശിപാർശ

പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റിന്റെ 50% തുക ഒറ്റത്തവണ ധനസഹായമായി നൽകുക, ഏറ്റവും പിന്നോക്ക ജാതിയിൽപ്പെട്ട പട്ടികജാതി കുട്ടികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നൽകുക, സ്വകാര്യ തൊഴിലധിഷ്ഠിത സ്ഥാപനങ്ങളിലും നോൺ എഞ്ചിനീയറിംഗ് ട്രേഡുകളായ തയ്യൽ, എംബ്രോയിഡറി, കെ.ജി.റ്റി.ഇ. എന്നീ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് നൽകുക, എസ്.എസ്.എൽ.സി. പരീക്ഷകളിൽ 'ഡി', 'ഇ' ഗ്രേഡ് നേടി പരാജയപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുക തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 21 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ - സ്കോളർഷിപ്പുകളും പദ്ധതിക്കായി 2225-01-277-99-12(നോൺ പ്ലാൻ) ശീർഷകത്തിൽ 2012-13 സാമ്പത്തിക വർഷം 19 കോടി രൂപ വകയിരുത്തിയിരുന്നു. ടി ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 11 കോടി രൂപയും ഫൈനൽ ബാച്ച് ഉപധനാഭ്യർത്ഥന മുഖേന

1,60,00,000/- രൂപയും അനുവദിച്ചിരുന്നു. ഇപ്രകാരം 2225-01-277-99-12 (നോൺ പ്ലാൻ) ശീർഷകത്തിൽ ആകെ 31,60,00,000/- രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 2914.44 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്. ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ ടി പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് പര്യാപ്തമാണെന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നം.137/എ 2/2015/പജപവിവ തീയതി 09.03.2015)

<u>ശിപാർശ</u>

പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ സ്വകാര്യ ഡോക്ടർമാരെ വളരെയധികം ആശ്രയിക്കുന്നത് ഒഴിവാക്കാൻ വേണ്ടി അത്തരം സ്ഥലങ്ങളിൽ ജനറൽ മെഡിക്കൽ പ്രാക്ടീഷണർമാരുടെ സേവനം ലഭ്യമാക്കുക, സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രികളുമായി യോജിച്ച് എല്ലാ പട്ടികജാതിവിഭാഗങ്ങൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുകയും ഗുരുതര രോഗം ബാധിച്ച പട്ടികജാതി വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുന്ന ആരോഗ്യ ഇൻഷ്വറൻസ് പരിപാടിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

ആരോഗ്യ സേവന പദ്ധതിക്കായി 2225-01-282-97(P) ശീർഷകത്തിൽ 2012-13 സാമ്പത്തിക വർഷം 2,50,00,000/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി പ്രതീക്ഷിക്കുന്ന ചെലവ് ഇല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 2,17,00,000/- രൂപ സർക്കാർ ഉത്തരവ് (ആർ.റ്റി)2475/13/ഹിൻ പ്രകാരം മറ്റ് ശീർഷകങ്ങളിലേക്ക് റീ അപ്രോപ്രിയേറ്റ് ചെയ്യുകയുണ്ടായി. റീ അപ്രോപ്രിയേറ്റ് ചെയ്ത ശേഷം നിലവിലുള്ള 33,00,000/- രൂപയിൽ 32,63,000/- രൂപ പദ്ധതി പ്രകാരം ചെലവ് വന്നിട്ടുണ്ട്. പ്രസ്തുത തുക പദ്ധതി നടപ്പിലാക്കുന്നതിന് പര്യാപ്തമായിരുന്നു.

(സർക്കാർ കത്ത് നം.25225/ബി2/2012/പജപവിവ തീയതി 23.07.2014)

## ശിപാർശ

പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായി പൗരാവകാശ സംരക്ഷണ നിയമം നടപ്പാക്കേണ്ടത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് തലത്തിൽ ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക, പട്ടികജാതിക്കാർക്കെതിരെ തൊട്ടുകൂടായ്മ ആചരിക്കുന്നതിന്റെ ദൂഷ്യവശങ്ങൾ ഉയർത്തിക്കാട്ടുന്ന ഡോക്യുമെന്ററികൾ നിർമ്മിക്കുക, മിശ്രവിവാഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ദമ്പതിമാർക്ക് വരുമാനദായകമായ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക, പട്ടികജാതിയിലും ഇതര വിഭാഗങ്ങളിലുമുള്ള സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുക, പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഈ പദ്ധതി ലക്ഷ്യമിടുന്നു.

പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം 20,000/- രൂപയിൽ നിന്നും 50,000/- രൂപയായി ഉയർത്തിയിട്ടുണ്ട്. 2011-12 വർഷത്തിൽ ഈയിനത്തിൽ 2225-01-800-80 ശീർഷകത്തിൽ 1719.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-13 വർഷത്തിൽ 2225-01-800-86 ശീർഷകത്തിൽ പി.സി.ആർ.ആക്ട് ഉൾപ്പെടെ 20 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. വിവാഹ ധനസഹായം വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിലും പി.സി.ആർ ആക്ട് പ്രകാരമുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3 & 4.)

## സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷം പട്ടികജാതി/പട്ടികവർഗ്ഗ(അതിക്രമം തടയൽ) നിയമം - 1989, പൗരാവകാശ സംരക്ഷണ നിയമം - 1955 എന്നിവ സംബന്ധിച്ചും പ്രസ്തുത നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ചുമുള്ള ബോധവത്ക്കരണ ക്യാമ്പുകൾ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിരുന്നു. കൂടാതെ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി ഇത്തരത്തിലുള്ള ബോധവത്ക്കരണ പരിപാടികൾ

സംഘടിപ്പിച്ചിട്ടുണ്ട്. മിശ്ര വിവാഹ ധനസഹായം, പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം, പട്ടികജാതി വിഭാഗത്തിൽപ്പെട്ട സാഹിത്യകാരന്മാർക്ക് അവരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ധനസഹായം, പട്ടികജാതി വിഭാഗത്തിലെ യുവ സാഹിത്യകാരന്മാർക്ക് അവരുടെ കഴിവ് വളർത്തുന്നതിനായി സാഹിത്യശില്പശാല തുടങ്ങിയ പദ്ധതികൾ 2012-13 വർഷം നടപ്പിലാക്കിയിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷം 2225-01-800-86 (പ്ലാൻ) ശീർഷകത്തിൽ മിശ്ര വിവാഹ ധനസഹായം, പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം, അതിക്രമം തടയൽ പദ്ധതി തുടങ്ങിയവ നടപ്പിലാക്കുന്നതിനായി 20 കോടി രൂപ വകയിരുത്തിയിരുന്നു. പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായമായി അനുവദിച്ചിരുന്ന 20,000/- രൂപ 50,000/- രൂപയായി വർദ്ധിപ്പിച്ചതു മൂലമുണ്ടായ അധിക സാമ്പത്തികബാധ്യത കണക്കിലെടുത്ത് 6 കോടി രൂപ സ.ഉ.(സാധാ) നം. 2475/13/ധന തീയതി 26.03.2013 പ്രകാരം റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരുന്ന 20 കോടി രൂപയ്ക്ക് പുറമേ റീ-അപ്രോപ്രിയേഷൻ മുഖേന അധികമായി വകയിരുത്തിയ 6 കോടി രൂപ അടക്കം മൊത്തം 26 കോടി രൂപ പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം ഉൾപ്പെടെയുള്ള വിവിധ ഘടകങ്ങളുടെ പ്രവർത്തനങ്ങൾക്ക് പര്യാപ്തമായിരുന്നതിനാൽ കൂടുതൽ തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം.5945/എഫ്2/14/പജപവവിവ തീയതി 03.07.2015)

## ശിപാർശ

CREST, SC/ST സൊസൈറ്റികൾ, സ്വയംസഹായ സംഘങ്ങൾ, സൈബർശ്രീ തുടങ്ങിയ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

ക്രസ്റ്റ്, പട്ടികജാതി/പട്ടികവർഗ്ഗ സൊസൈറ്റികൾ, സ്വയംസഹായ ഗ്രൂപ്പുകൾ സൈബർശ്രീ എന്നീ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 2012-13 സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന ഒരു കോടി രൂപയിൽ മുഴുവൻ തുകയും ചെലവഴിക്കുകയും, ക്രസ്റ്റിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി തൻവർഷം 6.6.2012 ലെ സ.ഉ.(സാധാ) 840/2012/പജപവവിവ പ്രകാരം 1,91,00,000/- രൂപ 2225-01-800-57(P) എന്ന ശീർഷകത്തിൽ നിന്ന് ലഭ്യമാക്കുകയും ടി തുക മുഴുവൻ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നം.25225/ബി2/2012/പജപവവിവ തീയതി 23.07.2014)

<u>ശിപാർശ</u>

വ്യവസായ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും ഹോസ്റ്റലുകൾക്കും സ്ഥലവും കെട്ടിടവും നിലവിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പുനരുദ്ധാരണം, നിലവിലുള്ള ഐ.റ്റി.ഐ. കളുടെ അറ്റകുറ്റപ്പണികൾ, പി. ഇ. റ്റി. സി.കളുടെ കെട്ടിട നിർമ്മാണവും അറ്റകുറ്റപ്പണികളും, അയ്യൻകാളി ഭവന് അധികസൗകര്യമൊരുക്കൽ, ഡോ. അംബേദ്കർ ഭവന് അധിക സൗകര്യമൊരുക്കൽ തുടങ്ങി നിരവധി പുനരുദ്ധാരണ/അറ്റകുറ്റപ്പണികൾ ലക്ഷ്യമിടുന്നതിനാൽ മേൽ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ പദ്ധതി ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക പദ്ധതിയിതര ഇനത്തിലേക്ക് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

വ്യവസായ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും ഹോസ്റ്റലുകൾക്കും സ്ഥലവും കെട്ടിടവും, നിലവിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പുനരുദ്ധാരണം, നിലവിലുള്ള ഐ.റ്റി.ഐ.കളുടെ അറ്റകുറ്റപ്പണികൾ, പി.ഇ.റ്റി.സി.കളുടെ കെട്ടിട നിർമ്മാണവും അറ്റകുറ്റപ്പണികളും, അയ്യങ്കാളി ഭവന് അധിക സൗകര്യമൊരുക്കൽ, ഡോ.അംബേദ്കർ ഭവന് അധിക സൗകര്യം ഒരുക്കൽ തുടങ്ങി നിരവധി പുനരുദ്ധാരണ അറ്റകുറ്റപ്പണികൾ ലക്ഷ്യമിടുന്നതിനാൽ മേൽ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഈ

ശീർഷകത്തിൽ 2012-13 വർഷം 20 കോടി രൂപ വകയിരുത്തിയിരുന്നു. ടി ശീർഷകത്തിൽ പ്രസ്തുത വർഷം 14,54,63,041/- രൂപ ചെലവ് വന്നിട്ടുണ്ട്. പ്രസ്തുത ശീർഷകം പൊതുമരാമത്ത് വകുപ്പാണ് കൈകാര്യം ചെയ്തുവരുന്നത്. വകുപ്പിന്റെ മേൽ പരാമർശിച്ച നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടി ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി മാത്രമാണ് പട്ടികജാതി വികസന വകുപ്പ് നൽകുന്നത്. പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക പദ്ധതി ഇതര ഇനത്തിലേക്ക് മാറ്റുന്നതിന് പട്ടികജാതി വികസന വകുപ്പ് ശിപാർശ ചെയ്തിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ 20 കോടി രൂപ വകയിരുത്തിയിരുന്നതിൽ 14,54,63,041/- രൂപ ചെലവായ സാഹചര്യത്തിൽ ടി വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബാക്കി തുക വേണ്ടി വരുമായിരുന്നതിനാൽ പദ്ധതി ഇതര ചെലവുകൾക്കു വേണ്ടി ചെലവഴിക്കേണ്ടി വന്നിട്ടില്ല എന്ന വിവരം അറിയിച്ചു കൊള്ളുന്നു.

(സർക്കാർ കത്ത് നം.25231/സി2/2012/പജപവവിവ തീയതി 02.12.2016)

<u>ശിപാർശ</u>

2012 ജനുവരി 4-ന് നിലവിൽ വന്ന പുതിയ കമ്മീഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും കമ്മീഷനിൽ തുടങ്ങിവച്ച കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിന് സി-ഡിറ്റിന് 24 ലക്ഷത്തോളം രൂപ കുടിശ്ശിക നൽകാനുള്ള സാഹചര്യത്തിലും ഈ ശീർഷകത്തിൽ 1.2710 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

പ്രഥമ കമ്മീഷൻ വിഭാവനം ചെയ്ത രീതിയിലുള്ള കമ്പ്യൂട്ടർവത്കരണം കമ്മീഷനിലെ വൈവിധ്യമാർന്ന വിഷയങ്ങൾ ഉൾപ്പെടുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിന് തികച്ചും അശാസ്ത്രീയവും അപ്രായോഗികവുമാണെന്ന നിഗമനത്തിൽ കമ്പ്യൂട്ടർവൽക്കരണത്തിന്റെ തുടർപ്രവർത്തനങ്ങൾ പുനരവലോകനം ചെയ്യുവാൻ കമ്മീഷൻ തീരുമാനിച്ചതിനാൽ കമ്പ്യൂട്ടർവൽക്കരണത്തിന് അധിക തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുക ഒന്നും ഈ ഇനത്തിൽ അനുവദിച്ചിട്ടില്ല. എന്നിരുന്നാലും കമ്മീഷനിൽ സി-ഡിറ്റിന് 12,57,060/-

രൂപ നൽകിയിരുന്നു. തുടർന്ന് 2015-ൽ കമ്മീഷനിലെ ആവശ്യത്തിനായി ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ വ്യക്തമല്ലാത്തതിനാൽ പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. (സർക്കാർ കത്ത് നം.27089/ഇ 2/2015/പജപവവിവ തീയതി 03.12.2016)

<u>ശിപാർശ</u>

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികളിലെ സ്കീമുകളെക്കുറിച്ച് ഭൂരിഭാഗം പേർക്കും യാതൊരു അറിവുമില്ലാ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അവർക്കായി നടപ്പാക്കുന്ന ഓരോ സ്കീമിന്റെയും വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബ്രോഷറുകളും പാംഫ്ലെറ്റുകളും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനും പ്രസ്തുത പദ്ധതികളെക്കുറിച്ച് അവർക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനും അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

സാമൂഹ്യ സുരക്ഷ, വിദ്യാഭ്യാസം തുടങ്ങിയ ക്ഷേമ പദ്ധതികളെക്കുറിച്ച് പത്ര മാധ്യമങ്ങളിലൂടെയും പരസ്യം നൽകി പ്രചാരണം നടത്തുന്നുണ്ട്. കൂടാതെ വകുപ്പ് പ്രസിദ്ധീകരിക്കുന്ന പടവുകൾ മാസിക മുഖേനയും വിജ്ഞാൻവാടി, വകുപ്പിന്റെ നേഴ്സറി സ്കൂളുകൾ, Hostel (Pre-Matric & Post Matric)MRS, PETC തുടങ്ങിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും പ്രമോട്ടർമാർ മുഖേനയും വകുപ്പിന്റെ പദ്ധതികളെക്കുറിച്ചുള്ള അവബോധം നൽകുന്നു.

നാടൻ കലാമേള, സർഗ്ഗോത്സവം, വിദ്യാർത്ഥികൾക്കുള്ള സ്വർണ്ണമെഡൽ വിതരണം തുടങ്ങിയവ സംഘടിപ്പിക്കുന്ന സ്ഥലങ്ങളിൽ വകുപ്പിന്റെ പദ്ധതികളെക്കുറിച്ചുള്ള ബുക്ക്ലെറ്റുകളും, നോട്ടീസുകളും അച്ചടിച്ച് വിതരണം നടത്തുന്നുണ്ട്.

സർക്കാരിന്റെ 1, 2 വാർഷികങ്ങളോടനുബന്ധിച്ച് വകുപ്പിന്റെ വിവിധ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബുക്ക്ലെറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2014 മാർച്ച്

മാസം വകുപ്പിന്റെ എല്ലാ പദ്ധതികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കൈപുസ്തകത്തിന്റെ 1.25 ലക്ഷം കോപ്പി അച്ചടിച്ച് സംസ്ഥാനത്താകമാനം പ്രമോട്ടർമാർ വഴി വിതരണം ചെയ്യുന്നതിന് ജില്ലാ പട്ടികജാതി വികസന ആഫീസുകളിലും എത്തിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ വെബ്സൈറ്റിൽ വികസന, ക്ഷേമ, വിദ്യാഭ്യാസ പദ്ധതികളെ സംബന്ധിച്ച വിവരണം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.25225/ബി2/2012/പജപവവിവ തീയതി 23.07.2014)

ശിപാർശ

സംസ്ഥാനത്ത് 73,500 പട്ടികവർഗ്ഗക്കാർ വനത്തിനുള്ളിൽ 671 സങ്കേതങ്ങളിൽ 18560 കുടുംബങ്ങളിലായി അധിവസിക്കുന്നുണ്ട്. ഇവർക്ക് തൊഴിൽ നൽകി സ്ഥിര വരുമാനം ഉണ്ടാക്കി കൊടുക്കുക, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നൽകുക, ആരോഗ്യ-വിദ്യാഭ്യാസ പരിരക്ഷ ഉറപ്പാക്കുക തുടങ്ങിയവയ്ക്കായി വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. കുട്ടമ്പുഴ പഞ്ചായത്തിലെ വാര്യക്കുടിയിൽ നിന്നും കുടിയിറക്കപ്പെട്ട ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനും അഗസ്ത്യമുടി മുതൽ കാസർഗോഡ് വരെ വനത്തിനുള്ളിലുള്ള നൂറുകണക്കിനു കോളനികളെ വനാതിർത്തിയോട് ചേർന്ന് പുനരധിവസിപ്പിക്കുന്നതിനും ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുമുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണെന്നും ഈ ആവശ്യത്തിലേക്കായി 25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി 2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 220 ലക്ഷം രൂപ വകയിരുത്തിയതിൽ മുഴുവൻ തുകയും തൻവർഷം ചെലവഴിച്ചു. 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. എറണാകുളം ജില്ലയിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ വാരിയം, ഉറിയംപെട്ടി എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ 939

ഏക്കർ ഭൂമിയിലായി താമസിച്ചുവരുന്ന 218 പട്ടികവർഗ്ഗ കുടുംബങ്ങളെ ടി ഭൂമി വനം വകുപ്പിന് വിട്ടു നൽകി പകരം ഉരുളംതണ്ണിയിലെ വനം വകുപ്പിന്റെ കൈവശമുള്ള 535 ഏക്കർ ഭൂമിയിലേക്ക് മാറ്റി പാർപ്പിക്കുന്നതിലേക്കായി Net Present Value, വനവല്ക്കരണ ചെലവ് എന്നീ ബാധ്യതകളിൽ നിന്ന് ഒഴിവാക്കി ടി ഭൂമി വിട്ടു നൽകണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന മന്ത്രിസഭ തീരുമാനമെടുത്ത് കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

## ശിപാർശ

തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികവർഗ്ഗ ഉപപദ്ധതിയിലെ പരിപാടികൾ നടപ്പിലാക്കുന്നതിനാണ് ഈ ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നത്. എല്ലാ വിവരങ്ങളും ഒരിടത്ത് തന്നെ ശേഖരിച്ച് പ്രോസസ്സ് ചെയ്യുന്നതിന് ഒരു ഡേറ്റാ പ്രോസസ്സിംഗ് സെന്റർ വകുപ്പിനില്ലാ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വകുപ്പിന് ഡേറ്റാ പ്രോസസ്സിംഗ് ആന്റ് വാലിഡേഷൻ സെന്റർ സ്ഥാപിക്കുന്നതിനും എല്ലാ കോളനികളിലും വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക ഉന്നമനം ലക്ഷ്യമാക്കി സോഷ്യൽ കൗൺസിലേഴ്സിനെ നിയമിക്കുന്നതിനുമായി അധിക തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

## സ്വീകരിച്ച നടപടി

2225-02-197-50-റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് എന്ന ശീർഷകം കൈകാര്യം ചെയ്യുന്നത് ഗ്രാമവികസന കമ്മീഷണർ ആണ്. ഡാറ്റാ പ്രോസസിംഗ് സെന്ററുകൾ നിലവിലില്ല. പട്ടികവർഗ്ഗ മേഖലകളിൽ സാമൂഹ്യപ്രവർത്തകരുടെ സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ 25 സാമൂഹ്യ പ്രവർത്തകരുടെ സേവനം ഏർപ്പെടുത്തുന്നതിലേയ്ക്കായി 2012-13 സാമ്പത്തിക വർഷം 2225-02-800-17-എൻഗേജിംഗ് സോഷ്യൽ വർക്കേഴ്സ് ഇൻ ട്രൈബൽ ഏരിയാസ്(പ്ലാൻ) എന്ന ശീർഷകത്തിൽ 38.3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

സർക്കാർ ഉത്തരവ് (കൈ) നമ്പർ 06/2012/പജ.പവ.വിവ. തീയതി 11.01.2012 പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്കുകൾ സർക്കാർ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ വർദ്ധിച്ച സാമ്പത്തിക ബാദ്ധ്യത വരുന്ന പ്രൊഫഷണൽ - സ്വാശ്രയ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് ചേരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർഷം തോറും വർദ്ധനവുണ്ടാകുന്ന സാഹചര്യം കൂടി കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് ചേരുന്ന പട്ടികവർഗ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർഷം തോറും വർദ്ധനവുണ്ടാകുന്ന സാഹചര്യം കൂടി കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 12 കോടി രൂപ അപര്യാപ്തമാണെന്നും ആയതിനാൽ 1 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്തിരുന്നു. എങ്കിലും ടി ആവശ്യത്തിലേക്കായി ഉപധനാഭ്യർത്ഥന മുഖേന 60 ലക്ഷം രൂപ ലഭിച്ചിരുന്നു. ആകെ ലഭിച്ച 12.60 കോടി രൂപയും തൻവർഷം ചെലവഴിച്ചു.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

വിജയശതമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി 8, 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരലൽ കോളേജിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിനുള്ള ഫീസ് രക്ഷിതാക്കൾക്ക് നൽകുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതി പ്രകാരം എസ്.എസ്.എൽ.സി, +2, ഡിഗ്രി പരാജിതരായവർക്ക് ട്യൂട്ടോറിയറിൽ

ചേർന്ന് പഠിക്കുന്നതിനുള്ള ധനസഹായം ഗിരിവികാസ്, ഗുരുകുലം പ്രോജക്ടുകളുടെ നടത്തിപ്പ്, എസ്.എസ്.എൽ.സി., +2, പരീക്ഷയ്ക്ക് മുൻപുള്ള റസിഡൻഷ്യൽ ക്യാമ്പ്, പ്രീമെട്രിക് ഹോസ്റ്റലുകളിലെ പാർട്ട് ടൈം ട്യൂട്ടർമാരുടെ ഓണറേറിയം മുതലായവയും നൽകി വരുന്നു. ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി പരാജിതരായവർക്ക് ട്യൂട്ടോറിയലിൽ ചേർന്ന് പഠിക്കുന്നതിനുള്ള ധനസഹായം, പ്രീമെട്രിക് ഹോസ്റ്റലുകളിലെ പാർട്ട്ടൈം ട്യൂട്ടർമാരുടെ ഓണറേറിയം നൽകുന്നതിലേയ്ക്കായി ബഡ്ജറ്റിൽ 85 ലക്ഷം രൂപ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. ടി ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അനുവദിക്കുകയും ആകെ ലഭ്യമായ 135 ലക്ഷം രൂപയിൽ 1,34,91,472/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

<u>ശിപാർശ</u>

ഡോക്ടർ അംബേദ്കർ സ്മാരക സി.ബി.എസ്.സി. സ്കൂളിൽ 2012-2013 അദ്ധ്യയന വർഷം 10-ാം ക്ലാസ് ആരംഭിക്കുന്നതിനാൽ വിദ്യാർത്ഥികളുടെ എണ്ണം നിലവിലുള്ള 360-ൽ നിന്നും 400 ആയി വർദ്ധിപ്പിക്കുന്നതിനാലും 21.05.2011-ലെ സർക്കാർ ഉത്തരവ്(എം.എസ്.) നമ്പർ 53/11/പജ.പവ.വിവ. പ്രകാരമുള്ള അധിക ബാദ്ധ്യത വഹിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷം 2225-02-272-55-34-ശീർഷകത്തിൽ 57,10,000/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഡോ. അംബേദ്കർ സ്മാരക ഞാറനീലി സി.ബി.എസ്.ഇ. സ്കൂളിൽ 2012-13 അധ്യയന വർഷം 10-ാം ക്ലാസ് ആരംഭിക്കുന്നതിനാൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ അധിക ബാധ്യത വഹിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 57,10,000/- രൂപ അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയും, ടി തുക അനുവദിച്ചിട്ടുള്ളതുമാകുന്നു. ടി ശീർഷകത്തിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 15 അശ്രാമം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിൽ പഠിക്കുന്ന 4650 കുട്ടികളിൽ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ ഭക്ഷണ ചെലവ് 1,300 രൂപയായും, പ്ലസ് 1, പ്ലസ് 2 ക്ലാസുകളിലേക്ക് 1,500 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാലും കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ വാണിനഗറിൽ ഈ അദ്ധ്യയന വർഷം (2012-13) പ്രവർത്തനം ആരംഭിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനങ്ങൾക്കുമായി ഫണ്ട് ന്യൂ സർവ്വീസ് പ്രൊസീഡ്യൂർ പ്രകാരം ഉൾപ്പെടുത്തുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 18 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷം "2225-02-277-49-34-Other Charges" ശീർഷകത്തിൽ നിലവിൽ പ്രവർത്തിക്കുന്ന 18 മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ

പ്രവർത്തനങ്ങൾക്കും പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്കൂളുകൾക്കുമായി ബഡ്ജറ്റിൽ 10,11,25,000/- രൂപ വകയിരുത്തിയിരുന്നു. തുക അപര്യാപ്തമായതിനാൽ 18 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ ടി ആവശ്യത്തിലേക്കായി ഉപധനാഭ്യർത്ഥന മുഖേന തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും അധിക തുക ലഭിച്ചിരുന്നില്ല. ലഭ്യമായ തുകയിൽ 10,08,39,403/- രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

ഇടുക്കി, അട്ടപ്പാടി എന്നീ ഹെൽത്ത് പ്രോജക്ടുകളുടെ കീഴിൽ പ്രവർത്തിക്കുന്ന നാല് ഒ.പി. ക്ലിനിക്കുകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ വേതനം ഇരട്ടിയിലധികം വർദ്ധിപ്പിച്ചിട്ടുള്ളതിനാലും, ഇടുക്കി ജില്ലയിലേയും അട്ടപ്പാടിയിലേയും പട്ടിക വർഗ്ഗ സങ്കേതങ്ങളുടെ ഭൂമിശാസ്ത്രപരമായ ദുർഘട സ്ഥിതിയും, ആരോഗ്യ പരിചരണ സൗകര്യത്തിന്റെ അപ്രാപ്യതയും കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീർത്തും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ഇടുക്കി അട്ടപ്പാടി എന്നീ ഹെൽത്ത് പ്രോജക്ടിന് കീഴിൽ പ്രവർത്തിക്കുന്ന നാല് ഒ.പി. ക്ലിനിക്കുകളും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ വേതനം ഇരട്ടിയിലധികം വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ഇടുക്കി ജില്ലയിലെയും അട്ടപ്പാടിയിലെയും പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ദുർഘട സ്ഥിതിയും കണക്കിലെടുത്ത് 2012-13 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി അധികമായി കണ്ടെത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ ടി ആവശ്യത്തിന് 12 ലക്ഷം രൂപ ജി.ഒ.(ആർ.റ്റി) നം. 2144/13/ഫിൻ. തീയതി 21.03.2013 പ്രകാരം ധനപുനർവിനിയോഗം വഴി കണ്ടെത്തി. ടി

സാമ്പത്തിക വർഷം ആകെ അനുവദിച്ച 42 ലക്ഷം രൂപയിൽ 37,68,307/- രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ചികിത്സയ്ക്കുള്ള ധനസഹായം നൽകുക, രോഗികളെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുക, അവർക്ക് പോഷകാഹാരങ്ങളും ആവശ്യമായ മരുന്നും നൽകുക, രോഗം ഭേദപ്പെട്ടവരെ പുനരധിവസിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ.

ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന പരമാവധി ധനസഹായം 25,000 രൂപയിൽ നിന്നും 40,000 രൂപയായും ഡയറക്ടറുടെ അധികാരം ഉപയോഗിച്ചു നൽകുന്ന പരമാവധി ധനസഹായം 9,999 രൂപയിൽ നിന്ന് 20,000 രൂപയായും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാരുടെ ധനപരിധി 1,000 രൂപയിൽ നിന്നും 2,500 രൂപയായും ഉയർത്തുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലായതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

സർക്കാർ ഉത്തരവ് (കൈ) നം.32/13/പജ.പവ.വിവ. 03.04.2013 പ്രകാരവും സർക്കാർ ഉത്തരവ് (കൈ)നം.86/13/പജ.പവ.വിവ തീയതി 28.10.2013 പ്രകാരവും നിലവിൽ പട്ടികവർഗ്ഗക്കാർക്ക് നൽകി വരുന്ന ദുരിതാശ്വാസ ധനസഹായം പി.ഒ/ടി.ഡി.ഒ. മാർക്ക് അവരുടെ അധികാരം വിനിയോഗിച്ച് അനുവദിക്കാവുന്ന ധനസഹായം 1000/- രൂപയിൽ നിന്നും 5,000/- രൂപയായും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ അധികാരം ഉപയോഗിച്ച് അനുവദിക്കാവുന്ന ധനസഹായം 10,000/- രൂപയിൽ നിന്നും 25,000/- രൂപയായും ബഹു. വകുപ്പു മന്ത്രിയുടെ

ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാവുന്ന തുക 25,000/- രൂപയിൽ നിന്നും 1,00,000/- രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 150 ലക്ഷം രൂപ അപര്യാപ്തമാണെന്നും, ടി ശീർഷകത്തിൽ 1 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്തിരുന്നു. ഇതിനായി അഡീഷണൽ ഓതറൈസേഷൻ, ഉപധനാഭ്യർത്ഥന എന്നിവ മുഖേന തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2012-13 സാമ്പത്തിക വർഷം ടി ആവശ്യത്തിലേക്ക് ഫണ്ട് അധികമായി ലഭിച്ചിരുന്നില്ല.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. സർക്കാർ പട്ടികവർഗ്ഗക്കാർക്കായുള്ള ഭവന നിർമ്മാണത്തിനുള്ള തുക 1,25,000 രൂപയിൽ നിന്നും 2,50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും 2011-12 വർഷം അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിന് വർദ്ധിപ്പിച്ച നിരക്കിൽ തുക നൽകേണ്ടതിനാലും, സമ്പൂർണ്ണ ഭവന നിർമ്മാണ പരിപാടി സർക്കാരിന്റെ പ്രഖ്യാപിത നയമായിരിക്കെ 2012-13 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 800 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പ് ഭവനരഹിതരായ പട്ടികവർഗക്കാർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്ന തുക 1,25,000/- രൂപയിൽ നിന്നും 2,50,000/- രൂപയായി വർദ്ധിപ്പിച്ച് 15.9.11-ലെ സർക്കാർ ഉത്തരവ് (കൈ) 93/2011/പജ.പവ.വിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 2011-12 വർഷം അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിനായി വർദ്ധിച്ച നിരക്കിൽ തുക നൽകേണ്ടതിനാലും സമ്പൂർണ്ണ ഭവന നിർമ്മാണ പരിപാടി സർക്കാരിന്റെ പ്രഖ്യാപിത നയമായിരിക്കെ 2012-13 വർഷം ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക 800 വീടുകളുടെ

നിർമ്മാണത്തിന് പര്യാപ്തമായിരുന്നു. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തികോന്നമന പരിപാടികളാണ് ഗിരിവർഗ്ഗ പ്രദേശ വികസനത്തിനു വേണ്ടിയുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതിയനുസരിച്ച് നടപ്പിലാക്കുന്നത്. 2225-02-794-98 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 92 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക കേന്ദ്രസഹായ പദ്ധതിയിനത്തിൽ 6 കോടി രൂപ 2012-13 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ലഭിച്ചിട്ടുണ്ട്. 2012-13 വർഷം ഉപധനാഭ്യർത്ഥന മുഖേന അധികമായി ആവശ്യപ്പെട്ട 92 ലക്ഷം രൂപ ടി ശീർഷകത്തിൽ ലഭ്യമായിരുന്നില്ല

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പരിപാടികൾ, നാടൻ കലോത്സവങ്ങൾ, മദ്യവിരുദ്ധ പ്രചാരണം, ഡോക്യുമെന്റേഷൻ, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം തേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനവസ്തുക്കൾ മുതലായവ നൽകൽ, കൗൺസിലർമാർക്കുള്ള ഓണറേറിയം, ഐ.ടി.ഐ/ഐ.ടി.സി. പാസ്സായ കുട്ടികൾക്കുള്ള അപ്രന്റീസ് പരിശീലനം, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ സംസ്ഥാനവാർഷികം തുടങ്ങിയ പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പട്ടിക വർഗ്ഗ വികസന വകുപ്പും യുവജനക്ഷേമ വകുപ്പും സംയുക്തമായി 2012 ഏപ്രിൽ മാസത്തിൽ വയനാട്ടിലെ മാനന്തവാടിയിൽ സംഘടിപ്പിക്കുന്ന ട്രൈബൽ

ഫെസ്റ്റിന്റെ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിക്കേണ്ടതുണ്ട്. പ്രസ്തുത ചെലവ് ബഡ്ജറ്റ് സമർപ്പിച്ചപ്പോൾ വിഭാവനം ചെയ്തിട്ടില്ലായിരുന്നു. ഇതിനായി ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ആവശ്യത്തിലേക്കായി 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28 & 29)

സ്വീകരിച്ച നടപടി

പട്ടികവർഗ വികസന വകുപ്പും യുവജന ക്ഷേമബോർഡും സംയുക്തമായി 2012 ഏപ്രിൽ മാസം വയനാട് ജില്ലയിൽ മാനന്തവാടിയിൽ വച്ച് സംഘടിപ്പിച്ച ഗോത്രായനത്തിന്റെ ചെലവുകൾക്കായി ബഡ്ജറ്റിൽ 60 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി ആവശ്യത്തിനായി 40 ലക്ഷം രൂപ കൂടി അധികമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും അഡീഷണൽ ഓതറൈസേഷൻ മുഖേന 25 ലക്ഷം രൂപയേ അധികമായി ലഭിച്ചിരുന്നുള്ളൂ. 2012-13 വർഷം ആകെ ലഭിച്ച 85 ലക്ഷം രൂപയിൽ 77,69,000/- രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

പട്ടികവർഗ്ഗ ഉപപദ്ധതിപ്രകാരമുള്ള പരിപാടികളിൽ നിലനിൽക്കുന്ന വിടവുകൾ നികത്തുന്നതിനു വേണ്ടി പ്രോജക്ടധിഷ്ഠിത സമീപനം ഉൾക്കൊണ്ട് സ്വയംതൊഴിൽ, വൈദഗ്ധ്യ വികസനം, ശുദ്ധജല വിതരണം, ശുചിത്വം, നടപ്പാലങ്ങളുടെ നിർമ്മാണം, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ പരിപാടികൾ, വൈദ്യുതീകരണം, എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ വിനിമയ സൗകര്യം വർദ്ധിപ്പിക്കുക, പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതിയുടെ കുറവ് പരിഹരിക്കൽ എന്നിവയുൾപ്പെടുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകി നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2225-02-800-64 ശീർഷകത്തിൽ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ 23 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ടി തുക വിനിയോഗിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. എങ്കിലും ധനപുനർവിനിയോഗം വഴി 53 ലക്ഷം രൂപ മാത്രമെ കണ്ടെത്തുവാൻ കഴിഞ്ഞിരുന്നുള്ളു. 2012-13 വർഷം ആകെ ലഭിച്ച 23,53,00,000/- രൂപയിൽ 23,49,30,000/- രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

<u>ശിപാർശ</u>

പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന പഞ്ചായത്തുകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക, പഞ്ചായത്തുകളും മറ്റ് വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രവർത്തിക്കുക, ഗുണഭോക്താക്കളെ ബോധവൽക്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസമുള്ള 1000 പട്ടികവർഗ്ഗ യുവതീയുവാക്കളെ നിയമിക്കുവാൻ ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. ഇവർക്ക് പ്രതിമാസം 2,500/- രൂപാ വീതം ഓണറേറിയം നൽകി വന്നിരുന്നത് 4,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 140 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് പ്രതിമാസം ഓണറേറിയം 2500/- രൂപയിൽ നിന്നും 4,000/- രൂപയായി 24.03.2012-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 50/2012/പജ.പവ.വിവ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി ആവശ്യത്തിലേയ്ക്കായി 140 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നു സമിതി ശിപാർശ ചെയ്തിരുന്നു. എങ്കിലും ടി ആവശ്യത്തിലേയ്ക്കായി ഉപധനാഭ്യർത്ഥന മുഖേന

1,12,07,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. 2012-13 സാമ്പത്തികവർഷം ആകെ അനുവദിച്ച 4,97,07,000/- രൂപയിൽ 4,96,11,000/- രൂപ ചെലവഴിച്ചു.
(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതിയുടെ അടങ്കൽ തുക അധികരിച്ചതിന് അനുസൃതമായി പട്ടികവർഗ്ഗ ഉപപദ്ധതിയിൽ വന്ന വർദ്ധനവിന് ലഭിച്ച ഒറ്റത്തവണയായുള്ള അധിക കേന്ദ്രസഹായമായി 420 ലക്ഷം രൂപ സപ്ലിമെന്ററി ഡിമാൻഡ് ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. അധിക കേന്ദ്ര സഹായമായി ലഭിച്ച തുകയിൽ അവശേഷിച്ച 419.58 ലക്ഷം രൂപ 2012-13 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിനായി 419.58 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ ഉപപദ്ധതിയിൽ വന്ന വർദ്ധനവിന് ലഭിച്ച ഒറ്റത്തവണയായുള്ള അധിക കേന്ദ്ര സഹായമായി 420 ലക്ഷം രൂപ സപ്ലിമെന്റ് ഡിമാന്റ് ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. അധിക കേന്ദ്ര സഹായമായി ലഭിച്ച തുകയിൽ അവശേഷിച്ച 419.58 ലക്ഷം രൂപ 2012-13 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിനായി 419.58 ലക്ഷം ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയുണ്ടായി. എന്നാൽ ടി ശീർഷകത്തിൽ 1,50,00,000/- രൂപ ഉപധനാഭ്യർത്ഥന വഴി ലഭിച്ചിട്ടുണ്ട്. ലഭിച്ച തുക മുഴുവനും തൻവർഷം ചെലവഴിച്ചു.
(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

10-ാം സ്റ്റാൻഡേർഡ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങൾ ഈ പദ്ധതി പ്രകാരം നൽകി വരുന്നു. സർക്കാർ ഉത്തരവ് (കൈ) നം 6/2012/പജ.പവ.വിവ. തീയതി 10.01.2012 പ്രകാരം വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ നിരക്കുകളിൽ 100% വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഈ

സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

10-ാം സ്റ്റാന്റേർഡ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങൾ ഈ പദ്ധതി പ്രകാരം നൽകി വരുന്നു. സർക്കാർ ഉത്തരവ് (കൈ)നമ്പർ 6/12 പജ.പവ.വിവ തീയതി 11.01.2012 പ്രകാരം വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ നിരക്കുകളിൽ 100% വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന മുഖേന 6,88,00,000/- രൂപ അധികമായി ലഭിച്ചിരുന്നു. ആയതുൾപ്പെടെ ആകെ ലഭിച്ച 14,58,00,000/- രൂപയിൽ 14,54,54,000/- രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മെട്രിക്കുലേഷന് ശേഷമുള്ള പഠനത്തിന് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, പോക്കറ്റ്മണി, ബോർഡിംഗ് എന്നിവയ്ക്കുള്ള ചെലവ് ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നു. ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും വിവിധ കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് നൽകി വരുന്നത്. കേരളത്തിൽ പോസ്റ്റ് മെട്രിക് പഠനത്തിന് പഠനം നടത്തുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വാർഷികവരുമാനം കണക്കിലെടുക്കാതെ തന്നെ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. വർദ്ധിച്ച സാമ്പത്തിക ബാദ്ധ്യത വരുന്ന പ്രൊഫഷണൽ സ്വാശ്രയ കോഴ്സുകൾക്ക് ചേരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് ഇ-ഗ്രാന്റ് വഴി ആനുകൂല്യം നൽകുന്നതിന് തുക തികയാതെ വരുന്നു. വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്കുകളിൽ 2012 മുതൽ (മുൻവർഷത്തേക്കാൾ) 100%

കണ്ട് വർദ്ധനവ് വരുത്തിയ സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 2225-02-277-98 ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2225-02-277-98 മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾക്കായി ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് പോക്കറ്റ്മണി ബോർഡിംഗ് എന്നിവയുള്ള ചെലവുകൾക്കായി 2012-13-വർഷം 630 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ കൂടി അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ലഭിച്ചില്ല. 2012-13 വർഷം അനുവദിച്ച 630 ലക്ഷം രൂപയും തൻവർഷം ചെലവഴിച്ചു.
(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ളസബ്സിഡൈസ്ഡ് ഹോസ്റ്റലുകളിലെ ബോർഡിംഗ് ഗ്രാന്റ് യൂണിഫോം അലവൻസ് മുതലായവ 07.02.12- ാം തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 247/12/പജ.പവ.വിവ പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള സബ്സിഡൈസ്ഡ് ഹോസ്റ്റലുകളുടെ നടത്തിപ്പിന് നടപ്പു വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 2225-02-277-95 ശീർഷകത്തിൽ 2 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ള സബ്സിഡൈസ്ഡ് ഹോസ്റ്റലുകളിലെ ബോർഡിംഗ് ഗ്രാന്റ്, യൂണിഫോം അലവൻസ് മുതലായവ 07.02..12-ാം തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 247/12/പജ.പവ.വിവ. പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള സബ്സിഡൈസ്ഡ്

ഹോസ്റ്റലുകളുടെ നടത്തിപ്പിന് നടപ്പു വർഷം 22 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 2 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു എങ്കിലും ധനപുനർവിനിയോഗം മുഖേന 2012-13 വർഷം തുക ലഭിച്ചിരുന്നില്ല. 2012-13 വർഷം അനുവദിച്ച 22 ലക്ഷം രൂപയിൽ 21,76,000/- രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ വാടക നൽകുന്നതിന് വകയിരുത്തിയ 17 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ വാടക നൽകുന്നതിന് നടപ്പു വർഷം 17 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ ധനപുനർവിനിയോഗം മുഖേന അധിക തുക അനുവദിച്ചു കിട്ടിയില്ല. ലഭ്യമായ 17 ലക്ഷം രൂപയും തൻവർഷം ചെലവഴിച്ചു.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന 110 പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ ഭക്ഷണം പാഠപുസ്തകങ്ങൾ പഠനോപകരണങ്ങൾ മറ്റ് ചെലവുകൾ എന്നിവയ്ക്കായാണ് ഈ ശീർഷകത്തിൽ നിന്നും തുക ചിലവഴിക്കുന്നത്. 13.05.2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ

55/10/പജ.പവ.റി.വ. പ്രകാരം പ്രീമെട്രിക് ഹോസ്റ്റൽ അന്തേവാസികളുടെ മെസ് ചാർജ്ജ് ഒഴികെയുള്ള അലവൻസുകൾ വർദ്ധിപ്പിച്ചതിനാൽ ഉണ്ടാകുന്ന അധിക ചെലവിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ കൂടി അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ച താഴെ പറയുന്ന പുതിയ പദ്ധതികൾക്കായി പ്രത്യേക ശീർഷകം അനുവദിക്കേണ്ടതും തുക വകയിരുത്തേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

## സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന 110 പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ ഭക്ഷണം പാഠപുസ്തകങ്ങൾ പഠനോപകരണങ്ങൾ മറ്റ് ചെലവുകൾ എന്നിവയ്ക്കായി 2012-13 സാമ്പത്തിക വർഷം 7.5 കോടി രൂപ വകയിരുത്തിയിരുന്നു. 13.05.2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ55/10/പജ.പവ.റിവ പ്രകാരം പ്രീമെട്രിക് ഹോസ്റ്റൽ അന്തേവാസികളുടെ മെസ് ചാർജ്ജ് ഒഴികെയുള്ള അലവൻസുകൾ വർദ്ധിപ്പിച്ചതിനാൽ ഉണ്ടാകുന്ന അധിക ചെലവ് ടി ആവശ്യത്തിന് അപര്യാപ്തമായതിനാൽ 3 കോടി രൂപ കൂടി അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു. ടി ആവശ്യത്തിന് 2.5 കോടി രൂപ അധികമായി ലഭിച്ചിരുന്നു. ആകെ ലഭിച്ച 10 കോടി രൂപയിൽ 9.88 കോടി രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

## ശിപാർശ

വയനാട്ടിലെ ആദിവാസികൾക്കിടയിൽ വ്യാപകമായി കണ്ടു വരുന്ന അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനുമായി പ്രതിമാസം 1,000 രൂപ വീതം

ധനസഹായം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നതിനാൽ 2 കോടി രൂപ ഇതിനായി വകയിരുത്തേണ്ടതാണ്.

(ഖണ്ഡിക 38)

<u>സ്വീകരിച്ച നടപടി</u>

2225-02-282-92 എന്ന ശീർഷകം ഇതിനായി അനുവദിക്കുകയുണ്ടായി. വയനാട്ടിലെ ആദിവാസികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്ന അരിവാൾ രോഗത്തിനു 2 കോടിരൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും അഡീഷണൽ ഓതറൈസേഷൻ മുഖേന 28,36,000/- രൂപ മാത്രമാണ് ലഭിക്കുകയുണ്ടായത്. ടി തുക മുഴുവനും തൻവർഷം ചെലവഴിക്കുകയും ചെയ്തു.
(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

<u>ശിപാർശ</u>

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കിടയിൽ വംശീയവൈദ്യന്മാർ ധാരാളം ഉണ്ട്. ആദിവാസി മേഖലയിലെ വംശീയ വൈദ്യത്തിന് വേണ്ടത്ര പ്രചാരണം നൽകുന്നതിനും പരിപോഷിപ്പിക്കുന്നതിനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി സഹായിക്കുന്നതിനുമായി വിതുര കേന്ദ്രമാക്കി ഒരു ആദിവാസി പാരമ്പര്യ വൈദ്യപഠന കേന്ദ്രം തുടങ്ങുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തേണ്ടതാണ്.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

2225-02-282-41 എന്ന ശീർഷകം ഇതിനായി അനുവദിക്കുകയും 2012-13 വർഷം ടോക്കൺ പ്രൊവിഷനായി വകയിരുത്തിയ 1,000/-രൂപയ്ക്ക് പുറമേ സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരായ വംശീയ വൈദ്യന്മാർക്ക് വംശീയ വൈദ്യത്തിന് വേണ്ടത്ര പ്രചാരണം നൽകുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വിതുര കേന്ദ്രമാക്കി ഒരു ആദിവാസി പാരമ്പര്യ വൈദ്യപഠന കേന്ദ്രം തുടങ്ങുന്നതിനുമായി 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ലഭിക്കുകയുണ്ടായില്ല. ടി ആവശ്യത്തിന് 2012-13 സാമ്പത്തിക വർഷം ഫണ്ട് ലഭ്യമായിരുന്നില്ല.
(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

തിരുവനന്തപുരം കുറ്റിച്ചൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനായി 100 ലക്ഷം രൂപ വകയിരുത്തേണ്ടതാണ്.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

തിരുവനന്തപുരം കുറ്റിച്ചൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനായി 2012-13 വർഷം ബഡ്ജറ്റിൽ ടോക്കൺ വിഹിതം വകയിരുത്തിയിരുന്നു. ഇതിനായി 4225-02-277-51 എന്ന ശീർഷകം രൂപീകരിക്കുകയും ചെയ്തു. 2012-13 വർഷം സ്കൂൾ ആരംഭിക്കുന്നതിനായി ഉപധനാഭ്യർത്ഥന പ്രകാരം തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ലഭ്യമായിരുന്നില്ല. മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 25282/പി.എം./12/പജപവവിവ. തീയതി 09.04.2015)

ശിപാർശ

ദക്ഷിണേന്ത്യയിലെ ഏക ആദിവാസി രാജാവായ കോവിൽമല രാജമന്നന് ആദിവാസി സംസ്കാരത്തിന് അനുയോജ്യമായ തരത്തിൽ ഒരു രാജധാനി പണിയുന്നതിന് 20 ലക്ഷം രൂപ വകയിരുത്തേണ്ടതാണ്.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

ദക്ഷിണേന്ത്യയിലെ ഏക ആദിവാസി രാജാവായ കോവിൽമല രാജമന്നന് രാജധാനി പണിയുന്നതിന് 2012-13 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. ഇതിനായി 2225-02-800-14 എന്ന ശീർഷകം അനുവദിച്ചിരുന്നു. ടി കൊട്ടാരം പണിയുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

(സർക്കാർ കത്ത് നം.25282/പി.എം/2012/പജപവവിവ തീയതി 09.04.2015)

## (ബി) ചട്ടം 236(6) പ്രകാരമുള്ള ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ

(i) പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥന നം. XXV ന്റെ കീഴിൽ വരുന്ന പട്ടികജാതി വികസന വകുപ്പിന്റെ 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി 02.12.2015 ന് സഭയിൽ സമർപ്പിച്ചു.

(ii) സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനകളുടെ കീഴിൽ വരുന്ന സാമൂഹ്യനീതി, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, കേരള വനിതാ കമ്മീഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്നീ വകുപ്പുകളുടെ 2013-14 സാമ്പത്തിക വർഷത്തിലെ വാർഷിക പ്രവർത്തന റിപ്പോർട്ട് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി 02.12.2015 ന് സഭയിൽ സമർപ്പിച്ചു.

(iii) സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട് മുഖ്യമന്ത്രി 10.02.2016 ന് സഭയിൽ സമർപ്പിച്ചു.

എ.കെ. ബാലൻ,
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി XIII.

തിരുവനന്തപുരം,
2016 സെപ്റ്റംബർ 20.

## അനുബന്ധം

### 2015 ഏപ്രിൽ 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII, 2015 ഏപ്രിൽ 20-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ 4 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറും പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീമതി പി. കെ. ജയലക്ഷ്മിയും ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

1. ശ്രീ. അൻവർ സാദത്ത്
2. ശ്രീ. കെ. എൻ. എ. ഖാദർ
3. ശ്രീ. മോൻസ് ജോസഫ്

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സുബ്രതാബിശ്വാസ്, പ്രിൻസിപ്പൽ സെക്രട്ടറി,പട്ടികവർഗ്ഗ വികസന വകുപ്പ്.
2. ഡോ. ആശാ തോമസ്, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ്.
3. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീ. കെ. രാമചന്ദ്രൻ, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.

5. ശ്രീ. റ്റി. ഭാസ്കരൻ, ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.

6. ശ്രീ. വി. ആർ. ജോഷി, ഡയറക്ടർ, പിന്നോക്കസമുദായ വികസന വകുപ്പ്.

7. ശ്രീ. കെ. പി. ചന്ദ്രമോഹൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.

8. ഡോ. എസ്. ബിന്ദു, ഡയറക്ടർ, കിർത്താഡ്സ്.

9. ശ്രീ. ദിലീപ് കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ.

10. ശ്രീമതി റ്റി. ആർ. രഞ്ജു മാനേജിംഗ് ഡയറക്ടർ, എസ്. എസ്. റ്റി. വികസന കോർപ്പറേഷൻ.

11. ശ്രീ. ജാഫർ ഖാൻ, മാനേജിംഗ് ഡയറക്ടർ, പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ.

12. ശ്രീ. ആർ. രാജഗോപാൽ, രജിസ്ട്രാർ, എസ്. സി./എസ്.റ്റി. കമ്മീഷൻ.

13. ശ്രീ. കെ. ജി. വിജയകുമാരൻ നായർ, അഡീഷണൽ രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ.

14. ശ്രീമതി സി. എസ്. ശ്രീജ, ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ.

15. ശ്രീ. കെ. റ്റി. മഹേഷ് കുമാർ, അക്കൗണ്ട്സ് ഓഫീസർ, എസ്. സി./എസ്.റ്റി., വികസന കോർപ്പറേഷൻ.

സമിതി, 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന ധനാഭ്യർത്ഥന നമ്പർ XXV-ന്റെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ബന്ധപ്പെട്ട വകുപ്പുകളുടെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയുമുണ്ടായി.

2015-16 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന പദ്ധതികൾക്കായി 700.25 കോടി രൂപയാണ് പ്ലാൻ ഇനത്തിൽ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളതെന്നും ഇതിൽ ഇൻഡ്യാ ഗവൺമെന്റിന്റെ ഷെയറുമുണ്ടെന്നും ATSP (Additional Tribal Sub Plan) ക്ക് 150 കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്നും ആദിവാസികൾ കൂട്ടമായി താമസിക്കുന്ന 14 ലൊക്കേഷനുകൾ കണ്ടെത്തി സമഗ്രമായ വികസന പരിപാടികൾ

കഴിഞ്ഞ വർഷം ആരംഭിച്ചത് ഈ വർഷം പൂർത്തിയാക്കുന്നതാണെന്നും 30,000 വീട്ടുകൾ ഈ വർഷം നിർമ്മിക്കുമെന്നും അതിൽ 10,000 വീട്ടുകൾ ഐ. എ. വൈ. പദ്ധതി പ്രകാരമാണ് നിർമ്മിക്കുന്നതെന്ന് പട്ടികവർഗ്ഗവികസന വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിക്കുകയുണ്ടായി.

## പട്ടികജാതി വികസന വകുപ്പ്

2225-01-001-94(34) - മറ്റ് ചെലവുകൾ - വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭവും

ബഡ്ജറ്റ് വിഹിതം : 7,00,00,000 രൂപ (പ്ലാൻ)

കെൽട്രോൺ മുഖേന സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പുതിയ രണ്ടു പ്രൊപ്പോസലുകൾക്കാവശ്യമായ തുക, ഇനിയും തുക അനുവദിക്കുവാനുള്ള മറ്റു ബില്ലുകൾ, മുൻവർഷം അനുവദിച്ച ബില്ലുകളുടെ ബാക്കി 10% തുക, നന്ദാവനം കെട്ടിടം ഷിഫ്റ്റിംഗ് ചെലവുകൾ എന്നിവയ്ക്കായി 2015-16 സാമ്പത്തിക വർഷം ആകെ 12 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റു വിഹിതത്തിനു പുറമേ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-01-283-89 - ഭവന രഹിതർക്ക് ഭവനം

ബഡ്ജറ്റ് വിഹിതം : 180,00,00,000 രൂപ (പ്ലാൻ)

നിലവിലുള്ള ഭവന സഹായമായ 3 ലക്ഷം രൂപ ഐ. എ. വൈ. വീട്ടുകൾക്കും നൽകി ഭവന ധനസഹായം ഏകീകരിക്കുന്നതിനുവേണ്ടി ഓരോ വീടിനും അധികമായി വരുന്ന 1 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നതിനായിട്ടാണ് അധിക വിഭവ സമാഹരണം ആവശ്യമായി വന്നിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി ആകെ 260 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 80 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-80-800-96 - <u>കേരള സംസ്ഥാന പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ</u>

ബഡ്ജറ്റ് വിഹിതം : 1,26,03,000 രൂപ (നോൺ പ്ലാൻ)

ശമ്പളയിനത്തിൽ മാത്രം കമ്മീഷന് ഒരു വർഷം 1,74,00,000 രൂപയും ശമ്പളേതരയിനത്തിൽ 83,00,000 രൂപയും ഉൾപ്പെടെ ആകെ 2,57,00,000 രൂപ ആവശ്യമുണ്ട്. എന്നാൽ നിലവിലെ ബഡ്ജറ്റിൽ 83,56,000 രൂപയും 42,47,000 രൂപയും ഉൾപ്പെടെ ആകെ 1,26,03,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ ശമ്പളയിനത്തിൽ 90,44,000 രൂപയും ശമ്പളേതരയിനത്തിൽ 40,53,000 രൂപയും ഉൾപ്പെടെ ആകെ 1,30,97,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4225-01-190-99 - <u>കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ഓഹരി മൂലധനം (51% സംസ്ഥാന വിഹിതം)</u>

ബഡ്ജറ്റ് വിഹിതം : 20,00,00,000 രൂപ (പ്ലാൻ)

കോർപ്പറേഷൻ നടപ്പിലാക്കുന്ന ഏറ്റവും സുപ്രധാനമായ പദ്ധതിയാണ് പട്ടികജാതിയിൽപ്പെട്ട കർഷക തൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി. ഈ പദ്ധതിയിൻ കീഴിൽ ഒരു ഗുണഭോക്താവിന് 2.50 ലക്ഷം രൂപ വായ്പയും 50,000/- രൂപ സബ്സിഡിയുമുൾപ്പെടെ ആകെ 3 ലക്ഷം രൂപയാണ് നൽകുന്നത്. 2015-16 സാമ്പത്തിക വർഷം 200 ഗുണഭോക്താക്കൾക്ക് വായ്പ നൽകുന്നതിന് ഒരാൾക്ക് 2.50 ലക്ഷം രൂപ എന്ന നിരക്കിൽ 5 കോടി രൂപ കൂടി ആവശ്യമുണ്ട്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## പട്ടിക വർഗ്ഗ വികസന വകുപ്പ്

2225-02-102-89-04 - <u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലുമുള്ള കൗൺസിലർമാരുടെ ഓണറേറിയം</u>

ബഡ്ജറ്റ് വിഹിതം : 75,00,000 രൂപ (പ്ലാൻ)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 107 പ്രീമെട്രിക് ഹോസ്റ്റലുകളിലും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലുമായി 12000 ൽ അധികം വിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്നു. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനും അവരുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി 2005-06 മുതൽ കൗൺസിലേഴ്സിനെ ഏർപ്പെടുത്തി വരുന്നു. നല്ല പ്രവൃത്തി പരിചയമുള്ളവർക്കും, പട്ടിക വിഭാഗത്തിൽപ്പെട്ടവർക്കും മുൻഗണന നല്കുന്നു. ഇവർക്ക് പ്രതിമാസം 18,000 രൂപ ഓണറേറിയവും 2,000 രൂപ യാത്രബത്തയും ഉൾപ്പെടെ 20000 രൂപയാണ് നൽകുന്നത്. ആകെ 49 കൗൺസിലേഴ്സിന് 10 മാസം (ജൂൺ മുതൽ മാർച്ച് വരെ) 20000/- രൂപ നിരക്കിൽ 98 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ, നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 23 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-102-88 - <u>ഹാംലറ്റ് വികസന പദ്ധതി</u>

ബഡ്ജറ്റ് വിഹിതം : 3,68,00,000 രൂപ (പ്ലാൻ)

2225-02-102-83 - <u>ഹാംലറ്റ് വികസന പദ്ധതി</u>
(ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : 6,32,00,000 രൂപ (പ്ലാൻ)

ഹാംലറ്റ് വികസന പദ്ധതിക്കായി 2015-16 ൽ ആകെ 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2014-15 വർഷത്തിൽ 25 കോടി രൂപയാണ്

വകയിരുത്തിയിരുന്നത്. പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വന്നതുകൊണ്ട് ബാക്കി തുക 30/09/2015 നകം ചെലവഴിക്കത്തക്കവിധത്തിൽ ELA യിലേക്ക് മാറ്റിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-198-50 - <u>വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം - റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

2225-02-800-90 - <u>മിശ്രവിവാഹങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 10,00,000 രൂപ (നോൺ പ്ലാൻ)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്ന ഈ പദ്ധതിയിലേക്ക് ധനസഹായത്തിനായി ധാരാളം അപേക്ഷകൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-198-50 - <u>വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം - റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

2225-02-800-89 - <u>ബാലവാടികളും ക്രഷുകളും</u>

ബഡ്ജറ്റ് വിഹിതം : 15,00,000 രൂപ (നോൺ പ്ലാൻ)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ബാലവാടികളിലെയും ക്രഷുകളിലെയും അധ്യാപകർക്ക് ശമ്പളം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ

5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-94 - ഗിരിവർഗ്ഗ ഹോസ്റ്റൽ

ബഡ്ജറ്റ് വിഹിതം : 22,23,14,000 രൂപ (നോൺ പ്ലാൻ)

2015-16 സാമ്പത്തിക വർഷം അന്തേവാസികൾക്ക് ഭക്ഷണത്തിനും ഭക്ഷണേതര ചെലവുകൾക്കുമായി 12 കോടി രൂപയാണ് "(34) മറ്റ് ചെലവുകൾ" എന്നതിൽ വകയിരുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് അനുവദിച്ചിരുന്ന മെസ് ചാർജ്ജ് 50% വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായ സാഹചര്യത്തിലും, ഹോസ്റ്റലുകളിൽ അനുവദനീയമായതിലും കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കേണ്ടിവരുന്നതിനാലും അന്തേവാസികളുടെ ആകസ്മിക ചെലവുകൾ കൂടി ടി തുകയിൽ നിന്ന് വഹിക്കേണ്ടിവരുന്നതിനാലും വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമാണ്. കൂടാതെ പ്രസ്തുത കെട്ടിടങ്ങളുടെ വാടക നൽകുന്നതിനായി വാടക, കരം, നികുതി എന്ന ഇനത്തിൽ 3 ലക്ഷം രൂപ കൂടി വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 6 കോടി 3 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-89 - നഴ്സറി സ്കൂൾ

ബഡ്ജറ്റ് വിഹിതം : 89,68,000 രൂപ (നോൺ പ്ലാൻ)

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികളുടെ ആഹാരച്ചെലവ് 2014-15 സാമ്പത്തിക വർഷം ഒരു കുട്ടിക്ക് 10 രൂപയിൽ നിന്നും 30 രൂപയായി സർക്കാർ ഉത്തരവ് (സാധാ) നം. 1752/2014/വകുപവവിവ പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 4 ലക്ഷം രൂപ ഈയിനത്തിൽ കുടിശ്ശിക നൽകാനുണ്ട്. ഈ സാഹചര്യത്തിൽ 7.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-52 - <u>പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

ബഡ്ജറ്റ് വിഹിതം : 3,45,00,000 രൂപ (പ്ലാൻ)

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും അട്ടപ്പാടി ഹോസ്റ്റലിന്റെ നവീകരണം നടത്തണമെന്ന കേന്ദ്ര ഗവൺമെന്റ്/പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷനുകളുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-47 - <u>വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 1,84,21,000 രൂപ (നോൺ പ്ലാൻ)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി '34 മറ്റ് ചെലവുകൾ' എന്നതിൽ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി 5 ലക്ഷം രൂപയും ഐ.റ്റി.സി. കൾ പ്രവർത്തിക്കുന്ന വാടക കെട്ടിടങ്ങളുടെ വാടക കുടിശ്ശിക വർഷങ്ങളായി നല്കാനുള്ളതിനാൽ വാടക, കരം, നികുതി എന്ന ഇനത്തിൽ 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തിന് പുറമേ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-46 - <u>ഉല്പാദന പരിശീലന കേന്ദ്രങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 17,23,000 രൂപ (നോൺ പ്ലാൻ)

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം ജില്ലയിലെ ചേന്നൻപാറയിൽ ഒരു ഉൽപാദന പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സ്ഥാപനം പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. ഇതിന്റെ വാടക കുടിശ്ശിക

നൽകുന്നതിനായി വാടക, കരം, നികുതി എന്ന ഇനത്തിൽ ഒരു ലക്ഷം രൂപ ആവശ്യമുള്ളതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-40(01) - അതി സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ ഇൻസെന്റീവ്

ബഡ്ജറ്റ് വിഹിതം : 40,00,000 രൂപ (പ്ലാൻ)

ഓരോ ജില്ലയിലും എസ്.എസ്.എൽ.സി., പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിഗ്രി മുതലായ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേകം പ്രോത്സാഹനം നൽകുന്നതിനുവേണ്ടി ആകെ 78 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 38 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-40(04) - അനാഥർക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 11,00,000 രൂപ (പ്ലാൻ)

മാതാപിതാക്കൾ നോക്കാനില്ലാത്ത പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി സർവ്വേ നടത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും പ്രായപൂർത്തിയാകുന്നതുവരെയോ സ്വന്തമായി വരുമാനം ഉണ്ടാകുന്നതുവരെയുള്ള ചെലവിനും വിദ്യാഭ്യാസത്തിനും ആവശ്യമായ ധനസഹായം നൽകുന്ന ഈ പദ്ധതിക്കായി 61 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-283-90 - <u>ഭൂരഹിത ഗിരിവർഗ്ഗക്കാരുടെ പുനരധിവാസം</u>

ബഡ്ജറ്റ് വിഹിതം : 20,00,00,000 രൂപ (പ്ലാൻ)

ഒരു ഏക്കറിൽ കറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരു ഏക്കർ ഭൂമി ഉറപ്പാക്കുന്നതിനാവശ്യമായ പദ്ധതിയാണിത്. കൂടാതെ, പട്ടികവർഗ്ഗ വിഭാഗക്കാരെ പുനരധിവസിപ്പിക്കാൻ ആവശ്യമായ തുകയും തുടർ പദ്ധതികൾക്കാവശ്യമായ തുകയും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് 25 സെന്റ് മുതൽ പരമാവധി ഒരേക്കർവരെ ഭൂമി വാങ്ങാനുള്ള തുകയും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. വയനാട് ജില്ലയിൽ നിന്ന് മാത്രം 15 കോടി രൂപ ഈ പദ്ധതിക്കായി ആവശ്യപ്പെട്ടിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 20 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-283-89 - <u>ഭവന രഹിതർക്ക് ഭവനം</u>

ബഡ്ജറ്റ് വിഹിതം : 47,83,00,000 രൂപ (പ്ലാൻ)

പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പുതിയ ഭവനങ്ങളുടെ നിർമ്മാണം, സ്പിൽ ഓവർ ഭവനങ്ങളുടെ പൂർത്തീകരണം, നിലവിലുള്ള ഭവനങ്ങളുടെ പുനരുദ്ധാരണം എന്നീ മൂന്ന് ഘടകങ്ങൾക്കായാണ് ഈ ശീർഷകത്തിൽ തുക അനുവദിച്ചിരിക്കുന്നത്. വീടില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് പുതിയ വീട് നിർമ്മിക്കുവാൻ നിലവിൽ 2.50 ലക്ഷം രൂപയാണ് സർക്കാർ സഹായം നൽകുന്നത്. കൂടാതെ ഹഡ്കോ മുഖേന 5000 വീടുകൾ നിർമ്മിക്കുന്നതിന് എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഇതിൽ 4000 വീടുകൾക്ക് 2.50 ലക്ഷം രൂപയാണ് നിലവിലെ എഗ്രിമെന്റ്. ഈ വീടുകൾക്ക് ഒരു ലക്ഷം രൂപ വീതം ആകെ 40 കോടി രൂപ അധികമായി നല്കേണ്ടതുണ്ട്. ബാക്കി 1000 വീടുകൾക്ക് 3.50 ലക്ഷം രൂപ വീതം ആകെ 75 കോടി രൂപയും നൽകേണ്ടതുണ്ട്. നിലവിലെ ബഡ്ജറ്റ്

വിഹിതം അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-800-68 - <u>അതിക്രമം തടയുന്നതിനുവേണ്ടിയുള്ള സ്കീം നടപ്പാക്കൽ (50% കേന്ദ്രസഹായം)</u>

ബഡ്ജറ്റ് വിഹിതം : 10,00,000 രൂപ (പ്ലാൻ)

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. 2015-16 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 15 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച താഴെപ്പറയുന്ന പുതിയ പദ്ധതികളിൽ ശീർഷകം നൽകിയിട്ടില്ലാത്തവയ്ക്ക് ശീർഷകം അനുവദിക്കുകയും ഓരോന്നിനും തുക വകയിരുത്തേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കണ്ണൂർ ജില്ലയിലെ ആറളം പുനരധിവാസ മേഖലയിലെയും അട്ടപ്പാടി ആദിവാസി മേഖലയിലെയും അടിസ്ഥാന സൗകര്യ വികസനത്തിനും ഉപജീവന മാർഗ്ഗത്തിനുമായി 5 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിനായി നബാർഡ്, നാബ്കോൺ എന്നിവയുടെ ഉപദേശക വിഭാഗം

ആവശ്യമായ പദ്ധതി തയ്യാറാക്കുന്നതാണ്. ഈ സാഹചര്യത്തിൽ 2015-16 ലെ ബഡ്ജറ്റിൽ പ്രസ്താവിച്ചിട്ടുള്ള 5 കോടി രൂപയിൽ 4 കോടി രൂപ ആറളം പുനരധിവാസ മേഖലയിലെ അടിസ്ഥാന സൗകര്യവും ഉപജീവനമാർഗ്ഗവും മെച്ചപ്പെടുത്തുന്നതിനും 1 കോടി രൂപ അട്ടപ്പാടി ആദിവാസി മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനും ഉപജീവന-മാർഗ്ഗത്തിനുമായി പ്രത്യേകം ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

രാജ്യത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മുഴുവൻ ട്യൂഷൻ ഫീസും സർക്കാർ വഹിക്കുന്ന പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായി 2015-16 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത 50 ലക്ഷം രൂപ '2225-02-277-97 - മെട്രിക്കുലേഷനുശേഷമുള്ള സ്കോളർഷിപ്പുകൾ' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ലോകത്തെ മികച്ച സർവ്വകലാശാലകളിലെ കോഴ്സുകളിൽ അഡ്മിഷൻ കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മുഴുവൻ ട്യൂഷൻ ഫീസും സർക്കാർ വഹിക്കുന്ന പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായി 2015-16 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത 50 ലക്ഷം രൂപ പുതിയ ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**പിന്നോക്ക സമുദായ വികസന വകുപ്പ്**

2225-03-277-99 - മെട്രിക്കുലേഷനു ശേഷമുള്ള പഠനങ്ങൾ

ബഡ്ജറ്റ് വിഹിതം : 19,50,00,000/- രൂപ (പ്ലാൻ)

മറ്റ് സമുദായത്തിൽപ്പെട്ട അർഹതയുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ്

മെട്രിക്കുലേഷൻ പഠന സഹായം നൽകുന്നതിനായുള്ള പദ്ധതിയാണിത്. ജി. ഒ. (എം.എസ്.) 10/2014 തീയതി 23.05.2014 പ്രകാരം പുതുതായി 30 സമുദായങ്ങൾക്ക് ഒ. ഇ. സി. ആനുകൂല്യം അനുവദിച്ചു. ജി. ഒ. (എം.എസ്.) 6/2014/ബി.സി.ഡി.ഡി. തീയതി 21.02.2014 പ്രകാരം, കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾക്കുള്ള പരിധി 42,000/- രൂപ എന്നത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇക്കാരണങ്ങളാൽ ഈ ശീർഷകത്തിൽ നിന്നും ആനുകൂല്യം നൽകുന്നവരുടെ എണ്ണം വർദ്ധിച്ചു. ഇതു കൂടാതെ കേരളത്തിൽ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ കൂടതലായി ആരംഭിക്കുകയും ടി സ്ഥാപനങ്ങളിൽ സർക്കാർ മെരിറ്റിലും റിസർവ്വേഷനിലും നിരവധി ഒ. ഇ. സി. വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-03-277-99 - <u>പോസ്റ്റ് മെട്രിക് സ്റ്റഡീസ്</u>

ബഡ്ജറ്റ് വിഹിതം : 88,00,00,000 രൂപ [നോൺ-പ്ലാൻ]

മറ്റ് സമുദായത്തിൽപ്പെട്ട അർഹതയുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക്കുലേഷൻ പഠന സഹായം നൽകുന്നതിനായുള്ള പദ്ധതിയാണിത്. ജി. ഒ. (എം.എസ്.) 10/2014 തീയതി 23.05.2014 പ്രകാരം 30 സമുദായങ്ങൾക്ക് ഒ. ഇ. സി. ആനുകൂല്യം അനുവദിച്ചു. ജി. ഒ. (എം.എസ്.) 6/2014/ബി.സി.ഡി.ഡി. തീയതി 21.02.2014 പ്രകാരം, കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾക്കുള്ള പരിധി 42,000/- രൂപ എന്നത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇക്കാരണങ്ങളാൽ ഈ ശീർഷകത്തിൽ നിന്നും ആനുകൂല്യം നൽകുന്നവരുടെ എണ്ണം വർദ്ധിച്ചു. ഇതു കൂടാതെ കേരളത്തിൽ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ വൻ തോതിൽ ആരംഭിക്കുകയും ടി സ്ഥാപനങ്ങളിൽ സർക്കാർ മെരിറ്റിലും റിസർവ്വേഷനിലും നിരവധി ഒ. ഇ. സി. വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം

അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 80 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-03-800-81 - ഒ. ബി. സി. യുള്ള അഡ്വക്കേറ്റ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 12,00,000 രൂപ (നോൺ പ്ലാൻ)

പിന്നോക്ക സമുദായത്തിൽപ്പെട്ട നിയമ ബിരുദധാരികളെ ജുഡീഷ്യൽ ഓഫീസർമാരായി ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഇവർക്ക് മൂന്നു വർഷത്തേയ്ക്ക് ഗ്രാന്റ് നൽകുന്നു. മുൻ വർഷത്തെ ഗുണഭോക്താക്കൾക്ക് ഗ്രാന്റ് നൽകുന്നതിന് അധിക തുക ആവശ്യമുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4225-03-190-98 - കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 12,90,00,000 രൂപ (പ്ലാൻ)

ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ പിന്നാക്ക വിഭാഗക്കാരുടെ സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുകൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ കോർപ്പറേഷൻ മറ്റു പിന്നോക്കവിഭാഗക്കാരുടെ ക്ഷേമത്തിനുതകുന്ന വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും 110 കോടി രൂപയും ദേശീയ ന്യൂനപക്ഷ വികസന കോർപ്പറേഷനിൽ നിന്നും 50 കോടി രൂപയും പ്രതീക്ഷിക്കുന്നു. തനത് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വിവിധ വായ്പാ പദ്ധതികൾക്ക് 130 കോടി രൂപ ആവശ്യമുണ്ട്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ Matching contribution ആയ 11 കോടി രൂപയും കോർപ്പറേഷൻ തനതു ഫണ്ട് ഉപയോഗിച്ചു നടത്തുന്ന പദ്ധതികൾക്കായി 13 കോടി രൂപയും കൂടി ആകെ 24 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

27.04.2015-ന് നടത്താനിരുന്ന യോഗം 06.05.2015-ന് രാവിലെ 11.30-നും 04.05.2015-ന് നടത്താനിരുന്ന യോഗം 13.05.2015-ന് ഉച്ചയ്ക്കുശേഷം 02.30-നും ചേരുന്നതിന് സമിതി തീരുമാനിച്ചു.

രാവിലെ 11.20-ന് സമിതി യോഗം പിരിഞ്ഞു.

## 2015 മേയ് 6-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIII, 2015 മെയ് 6-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം.കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ പുറമെ ചേർത്തിരിയ്ക്കുന്ന അംഗങ്ങൾ തദവസരത്തിൽ സന്നിഹിതരായിരുന്നു.

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.
2. ശ്രീമതി സുമന. എൻ. മേനോൻ, സെക്രട്ടറി, പൊതുഭരണ (സൈനിക ക്ഷേമ) വകുപ്പ്.
3. ശ്രീമതി ടിങ്ക ബിസ്വാൾ, സെക്രട്ടറി (ഇൻ-ചാർജ്), സാമൂഹ്യനീതി വകുപ്പ്.
4. ശ്രീ. കെ.ആർ. കൃപാനന്ദൻ, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.
5. ശ്രീ. കെ.പി. ചന്ദ്രമോഹൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
6. ശ്രീ. കെ. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
7. ശ്രീമതി കെ.എം. റീലാമണി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
8. ഡോ. ആർ. ഗിരിജ, ഡയറക്ടർ, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
9. ശ്രീ. എം.ജി. രാജ് തിലകൻ, ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

10. ശ്രീ. എച്ച്. ഗോപകമാർ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (പ്രിസൺസ്) പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
11. ഡോ. എൻ. അഹമ്മദ് പിള്ള, കമ്മീഷണർ, പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റി കമ്മീഷണറേറ്റ്.
12. ഡോ. റ്റി.പി. അഷ്റഫ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ.
13. ഡോ. സാമുവൽ എൻ. മാത്യു, എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്.
14. ശ്രീ. പി.വി. പത്മാകരൻ, സെക്രട്ടറി ഇൻ-ചാർജ്ജ്, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്.
15. ശ്രീമതി കെ. ഷൈലശ്രീ, സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ.
16. ശ്രീ അജിത് കോലശ്ശേരി, ജനറൽ മാനേജർ, കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേഡ് കമ്മ്യൂണിറ്റീസ് ലിമിറ്റഡ്.

സമിതി 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന ധനാഭ്യർത്ഥന നമ്പർ XLVI പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയുമുണ്ടായി.

## ആഭ്യന്തര വകുപ്പ്

2235 - 02 - 106 - 98 - ദുർഗുണ പരിഹാര പാഠശാല

ബഡ്ജറ്റ് വിഹിതം :1,53,76,000 രൂപ (നോൺ പ്ലാൻ)

തടവുകാരുടെ ആഹാരം, മരുന്ന്, ചികിത്സ എന്നീയിനത്തിലുള്ള ചെലവ്, ദൈനംദിന ഉപഭോഗവസ്തുക്കളുടെയും ഇന്ധനത്തിന്റെയും വിലവർദ്ധനമൂലം അധികരിക്കുന്നതിനാലും തടവുകാരുടെ എണ്ണത്തിലും താരതമ്യേന വർദ്ധന ഉണ്ടാകുന്നുവെന്നതിനാലും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത-മാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## പൊതുഭരണ വകുപ്പ്

2235-60-107-97 - സ്വാതന്ത്ര്യ സമരസേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കുള്ള സാമ്പത്തിക സഹായ പദ്ധതി

ബഡ്ജറ്റ് വിഹിതം : 5,50,000 രൂപ (നോൺ പ്ലാൻ)

സ്വാതന്ത്ര്യ സമരസേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം 3000 രൂപയിൽ നിന്നും 5000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-190-97 - കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള മൂലധന നിക്ഷേപം

ബഡ്ജറ്റ് വിഹിതം : 74,09,000 രൂപ (നോൺ പ്ലാൻ)

ബഹു.ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ മുന്നോക്ക വിഭാഗത്തിൽപ്പെട്ട ആദിബ്രാഹ്മണ സമുദായങ്ങളുടെ 200 അഗ്രഹാരങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പു സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതിന് ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-60-200-89 - അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്ക് സഹായം

ബഡ്ജറ്റ് വിഹിതം : 50,000 രൂപ (നോൺ പ്ലാൻ)

ഈയിനത്തിലെ ധനസഹായം വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 2,34,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

"സേവനത്തിലിരിക്കെ മരണമടഞ്ഞ മന്ത്രിമാരുടെ ആശ്രിതർക്കുള്ള ധനസഹായം" എന്ന് ഈ ശീർഷകത്തെ പുനർനാമകരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി പൊതുഭരണ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഇതിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ ധനകാര്യവകുപ്പ് ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിച്ചു.

## സാമൂഹ്യനീതി വകുപ്പ്

2235-02-101-89 - വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 2,20,000 രൂപ (നോൺ പ്ലാൻ)

വികലാംഗരായ അന്തേവാസികൾക്കുള്ള ധനസഹായം 01.04.2014 മുതൽ പ്രതിമാസം 700 രൂപയിൽ നിന്നും 800 രൂപയായും 1.1.2015 മുതൽ 1000 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അന്തേവാസികൾക്ക് മുൻവർഷത്തെ കുടിശ്ശികയായ 72,42,000 രൂപയും പി.എച്ച് ഹോമുകൾക്ക് മുൻവർഷത്തെ കുടിശ്ശിക 28,32,000 രൂപയും നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്ത-മാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 98,54,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-101-76 - മാനസിക വൈകല്യമുള്ളവരെ സംരക്ഷിയ്ക്കുന്നതിനും ചികിൽസിക്കുന്നതിനുമായുള്ള സ്ഥാപനങ്ങൾ/കെയർ ഹോമുകളുടെ സ്ഥാപിക്കൽ.

ബഡ്ജറ്റ് വിഹിതം : ഇല്ല.

2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മാനസിക രോഗം ബാധിച്ച് അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവരെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിന് ധന സഹായം നൽകുന്നതിനുള്ള ഒരു സ്കീം പ്രഖ്യാപിച്ചിരുന്നു. ഈ സ്കീം പ്രകാരം 50 അന്തേവാസികളെ സംരക്ഷിക്കുന്ന ഒരു ഭവനത്തിന് 16,52,400 രൂപ സർക്കാർ വിഹിതവും 11,01,600 രൂപ എൻ.ജി.ഒ. വിഹിതവും കണക്കാക്കിയിട്ടുണ്ട്. ജി.ഒ.(ആർ.റ്റി) നം.455/13/എസ്.ജെ.ഡി. പ്രകാരം ഒരു സ്ഥാപനത്തിന് 50 പേർ വീതമുള്ള 2 യൂണിറ്റ് നടത്തുന്നതിന് അനുമതി നൽകുകയുണ്ടായി. ജി.ഒ.(ആർ.റ്റി) നം.137/15/എസ്.ജെ.ഡി. പ്രകാരം ഇത്തരത്തിലുള്ള 17 യൂണിറ്റുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള 19 യൂണിറ്റുകളിലായി 950 അന്തേവാസികളെ സംരക്ഷിക്കുന്നതിന് നിലവിൽ ഗ്രാന്റ് അനുമതി ഉണ്ട്. ഒരു യൂണിറ്റിന് 16,52,400 രൂപ വീതം ആകെ 3,13,95,600 രൂപ ആവശ്യമുണ്ട്. 2014-15 സാമ്പത്തിക വർഷം 1 കോടി രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. 2014-15 സാമ്പത്തിക വർഷത്തിലെ കുടിശികയായ 2,13,95,600 രൂപയും 2015-16 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന ചെലവായ 3,13,95,600 രൂപയും

ഉൾപ്പെടെ ആകെ 5,27,91,200 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-101-71-02 - സംസ്ഥാനതല വൈകല്യ സർവ്വേ

ബഡ്ജറ്റ് വിഹിതം : 5,00,000 രൂപ (പ്ലാൻ)

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സെൻസസ് നടത്തുന്നതിന് സാമൂഹ്യ നീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. ഇതിന്റെ ആകെ ചെലവ് 13,54,27,750 രൂപയായി അംഗീകരിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 5 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും സെൻസസ് പൂർണ്ണതോതിൽ ആരംഭിക്കാത്തതിനാൽ 13,29,252 രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. 2015 സെപ്റ്റംബർ 30-ാം തീയതിയ്ക്കുമുമ്പായി സെൻസസ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിക്കായി 2015-16 ലെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-102-59 - ഐ.സി.ഡി.എസ്.പരിശീലന പരിപാടി (90% സി.എസ്.എസ്)

ബഡ്ജറ്റ് വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

ശൈശവാരംഭത്തിലുള്ള കുട്ടികൾക്ക് ഗുണ നിലവാരമുള്ള പരിശീലനവും വികസനവും ലഭ്യമാക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തകരുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പരിശീലനം നൽകുന്ന പദ്ധതിയാണ് ഐ.സി.ഡി.എസ് പരിശീലന പരിപാടി. 7.11.2013 ൽ കേന്ദ്ര സർക്കാർ ഐ.സി.ഡി.എസ്. പരിശീലന പരിപാടിയുടെ ബഡ്ജറ്റ് 01.09.2013 മുതൽ മുൻകാല പ്രാബല്യത്തോടെ പുതുക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പല കമ്പോണന്റിന്റെയും തുക ഇരട്ടിയാക്കിയിട്ടുണ്ട്. പുതുക്കിയ നിരക്കനുസരിച്ച് 2013-14 സാമ്പത്തിക വർഷത്തെ

കുടിശ്ശിക നൽകുന്നതിന് 50 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തെ ക്ലെയിമുകൾ നൽകുന്നതിന് 1.5 കോടി രൂപയും 2015 -16 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന 7.5 കോടി രൂപയും വൺ ടൈം എം.ഐ.എസ് പരിശീലനത്തിന് ആവശ്യമായ 3.5 കോടി രൂപയും ഉൾപ്പെടെ ആകെ 13 കോടി രൂപ ആവശ്യമുണ്ട്. 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമേ 9 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-102-53 - <u>ചൈൽഡ് റൈറ്റ്സ് കമ്മീഷൻ</u>

ബഡ്ജറ്റ് വിഹിതം : 68,00,000 രൂപ (പ്ലാൻ)
ബഡ്ജറ്റ് വിഹിതം : 2,55,38,000 രൂപ (നോൺ പ്ലാൻ)

03.6.2013 ൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള സംസ്ഥാന ബാലാവകാശ കമ്മീഷനിൽ ചെയർപേഴ്സൺ അടക്കമുള്ള കമ്മീഷൻ അംഗങ്ങളുടെയും മറ്റു ജീവനക്കാരുടെയും ശമ്പളയിനത്തിൽ 30,00,000 രൂപയും മറ്റിനങ്ങൾക്കായി 9,00,000 രൂപയും വാടക, കരം നികുതിയിനത്തിൽ 9,00,000 രൂപയും ഉൾപ്പെടെ 48,00,000/-രൂപ നോൺ പ്ലാൻ ഇനത്തിൽ ഈ ശീർഷകത്തിൽ അധികമായി ആവശ്യമുണ്ട്. 2015-16 പദ്ധതിയിൽ പോക്സോ, ആർ.റ്റി.ഇ. സെല്ലുകളുടെ പ്രവർത്തനം കൂടുതൽ വിപുലമാക്കുന്ന സാഹചര്യത്തിൽ പോക്സോ സെല്ലിന് 25,00,000 രൂപയും ആർ.റ്റി.ഇ സെല്ലിന് 7,00,000 രൂപയും ഉൾപ്പെടെ 32,00,000/- രൂപ പ്ലാൻ ഇനത്തിലും അധികമായി ആവശ്യമുണ്ട്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ പ്ലാൻ ഇനത്തിൽ 32 ലക്ഷം രൂപയും നോൺപ്ലാൻ ഇനത്തിൽ 48 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-103-99 (10) - <u>സാമൂഹ്യക്ഷേമ ബോർഡ് അംശദാനം - സംഭാവന</u>

ബഡ്ജറ്റ് വിഹിതം : 44,62,000 രൂപ (നോൺ പ്ലാൻ)

കേരള സർക്കാരിന്റെ ജെൻഡർ അവയർനെസ്സ് പദ്ധതിയുടെ ഭാഗമായി ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പദ്ധതിയുടെ നടത്തിപ്പിനായി ബോർഡിനു കീഴിൽ സർവ്വീസ് പ്രൊവൈഡിംഗ്

സെന്ററുകളിലും ഷെൽട്ടർ ഹോമുകളിലും വനിതാ ലീഗൽ കൗൺസിലർമാരുടെയും ഫാമിലി കൗൺസിലർമാരുടെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും മറ്റ് വിദഗ്ധരുടെയും സേവനം സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതിയ്ക്കും അനുബന്ധ പരിപാടികൾക്കുമുള്ള ഗ്രാന്റ് സംസ്ഥാന സർക്കാർ സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് വഴി സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന് നൽകി വരുന്നു. ഇതിന്റെ ഭരണ ചെലവുകളുടെ 50%ഉം ചെയർപേഴ്സനു നൽകുന്ന ഓണറേറിയത്തിന്റെ 100% ഉം സംസ്ഥാന സർക്കാരും ഭരണ ചെലവുകളുടെ 50% കേന്ദ്ര സാമൂഹ്യ ക്ഷേമ ബോർഡുമാണ് വഹിക്കുന്നത്. 2010-11 മുതൽ സാമൂഹ്യ ക്ഷേമ ബോർഡ് ജീവനക്കാർക്ക് പെൻഷൻ പദ്ധതി ആരംഭിച്ചു. 2014-15 വർഷത്തെ കുടിശികയായ 8,18,000 രൂപയും ബോർഡിലെ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ബോർഡ് ചെയർപേഴ്സന്റെ ഓണറേറിയം എന്നീ ഇനങ്ങളിലെ ചെലവുകൾക്കുമായി 1,04,04,424 രൂപയും ആവശ്യമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 67,60,424 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-103-96 - <u>വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 31,47,78,000 രൂപ (നോൺ പ്ലാൻ)

നിർദ്ധനരായ വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനായി 19.6.78 ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രാബല്യത്തിൽ വന്നതാണ് ഈ പദ്ധതി. തുടക്കത്തിൽ 1000/- രൂപയായിരുന്ന ധനസഹായം 26.12.2012 ലെ സർക്കാർ ഉത്തരവുപ്രകാരം 20,000/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. സമൂഹത്തിലെ നിർദ്ധനരായ വിധവകൾക്ക് അവരുടെ പെൺമക്കളുടെ വിവാഹത്തിനായി ഈ പദ്ധതി വളരെയേറെ സഹായകമാണ്. 2015-16 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ സഹായ തുക 50,000/- രൂപയായി വർദ്ധിപ്പിയ്ക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 25,49,22,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-103-95-(04)-(1) - <u>സ്റ്റാറ്റ്യൂട്ടറി വിമെൻസ് കമ്മീഷൻ-യാത്രാ ചെലവുകൾ-യാത്രാ ബത്ത</u>

ബഡ്ജറ്റ് വിഹിതം - 17,60,000 രൂപ (നോൺ പ്ലാൻ)

വനിതാ കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങൾക്കും സംസ്ഥാനത്തിനകത്തും പുറത്തുമായി ധാരാളം ഔദ്യോഗിക യാത്രകൾ ചെയ്യേണ്ടിവരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 17,60,000 രൂപ അപര്യാപ്തമാണ്. കൂടാതെ ഈ ഇനത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ 13.67 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 27.5 ലക്ഷം രൂപയും കുടിശ്ശികയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-103-95-(06) - <u>സ്റ്റാറ്റ്യൂട്ടറി വിമെൻസ് കമ്മീഷൻ - വാടക, കരം, നികുതി</u>

ബഡ്ജറ്റ് വിഹിതം : 12,00,000 രൂപ (നോൺ പ്ലാൻ)

കേരള വനിതാ കമ്മീഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും ചെയർപേഴ്സന്റെ ഔദ്യോഗിക വസതിയുടെയും വാടക നൽകുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 9,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-103-90-(02) - <u>സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി - കേരള വനിതാ വികസന കോർപ്പറേഷൻ</u>

ബഡ്ജറ്റ് വിഹിതം : 55,00,000 രൂപ (പ്ലാൻ)

സ്ത്രീ ശാക്തീകരണ പരിപാടിയുമായി ബന്ധപ്പെട്ട് എറണാകുളത്ത് അന്താരാഷ്ട്ര വിപണന കേന്ദ്രം സ്ഥാപിക്കുമെന്ന ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഈ കേന്ദ്രം സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ

ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-103-80 - <u>ജൻഡർ പാർക്ക്</u>

ബഡ്ജറ്റ് വിഹിതം : 7,00,00,000 രൂപ (പ്ലാൻ)

ലിംഗ പദവി സംബന്ധിച്ച്, വികസന അസമത്വത്തിന് പരിഹാരം കാണുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുൻകൈ എടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് തന്റേടം-ജൻഡർ പാർക്ക്. ജൻഡർ പാർക്കിന്റെ ഒന്നാംഘട്ട നിർമ്മാണ ജോലികൾ നടന്നു വരികയാണ്. ഒന്നാംഘട്ട നിർമ്മാണത്തിന്റെ അടങ്കൽതുക 15 കോടി രൂപയാണ്. ഇതിൽ 2014-15 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ 5 കോടി രൂപ ELA യിലേയ്ക്ക് മാറ്റിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 7 കോടി രൂപയിൽ 5 കോടി രൂപ പാർക്കിന്റെ നിർമ്മാണാവശ്യത്തിനും 2 കോടി രൂപ വിവിധ ഓഫ് കാമ്പസ് പ്രവർത്തനങ്ങൾ/ഭരണപരമായ ചെലവുകൾ എന്നിവയ്ക്കുമാണ്. നിർമ്മാണ ജോലികൾക്കായി ആകെ 14 കോടി രൂപ ആവശ്യമുണ്ട്. അതിൽ നിർമ്മാണാവശ്യത്തിനായി ഇ.എൽ.എ. യിലേക്ക് മാറ്റിയിട്ടുള്ള 5 കോടി രൂപയും ഈ സാമ്പത്തിക വർഷം ഈ ആവശ്യത്തിനായി വകയിരുത്തിയിട്ടുള്ള 5 കോടി രൂപയും ഉൾപ്പെടെയുള്ള '10' കോടി രൂപയ്ക്ക് പുറമേ പാർക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുന്നതിന് 4 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-104-98(36) - <u>അനാഥശാലകൾ സഹായധനം - ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം - 13,51,75,000 രൂപ (നോൺ പ്ലാൻ)

അനാഥശാലകളിലെ അന്തേവാസികൾക്കുള്ള സഹായധനം 01.4.2014 മുതൽ ഒരു അന്തേവാസിക്ക് പ്രതിമാസം 700 രൂപയിൽ നിന്നും 800 രൂപയായും 01.01.2015 മുതൽ പ്രതിമാസം 1000 രൂപയായും വർദ്ധനവ് വരുത്തിയതിനാൽ 30647

അന്തേവാസികൾക്ക് 01.04.2014 മുതൽ 31.3.2015 വരെ 31,25,99,000 രൂപയും മുൻ വർഷത്തെ കുടിശികയിനത്തിൽ 5,95,36,000 രൂപയും ഉൾപ്പെടെ ആകെ 37,21,35,000 രൂപ ആവശ്യമുണ്ട്. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 23,69,60,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235 - 02 - 104 - 97 - യാചക കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : 11,40,000 രൂപ (നോൺ പ്ലാൻ)

2015-16 സാമ്പത്തിക വർഷം യാചകകേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് കൊടുക്കേണ്ടത് 01.04.2014 മുതൽ 31.03.2015 വരെയുള്ള കാലയളവിലെ അർഹതയുള്ള തുകയാണ്. ഈ അന്തേവാസികൾക്കുള്ള ധനസഹായം 01.04.2014 മുതൽ പ്രതിമാസം 700 രൂപയിൽ നിന്നും 800 രൂപയായും 01.01.2015 മുതൽ 1000 രൂപയായും വർദ്ധിപ്പിച്ചതിനാൽ അർഹതയുള്ള 385 അന്തേവാസികൾക്ക് 01.04.2014 മുതൽ 31.12.2014 വരെ 27,72,000 രൂപയും 01.01.2015 മുതൽ 31.03.2015 വരെ 11,55,000 രൂപയും കൂടാതെ അന്തേവാസികൾക്ക് മുൻവർഷത്തെ കുടിശ്ശിക 11,13,000 രൂപയും കൂടി ആകെ 50,40,000 രൂപ നല്കുവാനുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 39,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235 - 02 - 104 - 89 - അനാഥാലയ നിയന്ത്രണ ബോർഡ്

ബഡ്ജറ്റ് വിഹിതം : 30,97,000 രൂപ (നോൺ പ്ലാൻ)

അനാഥാലയ നിയന്ത്രണ ബോർഡിൽ 7 ജീവനക്കാരെ അനുവദിച്ചിട്ടുണ്ട്. കൂടാതെ, പ്രതിമാസം 10,000 രൂപ നിരക്കിൽ ഓണറേറിയം നൽകിയിരുന്ന 40 കൗൺസിലർമാരുടെ ഓണറേറിയം 24.03.2015 ലെ ഉത്തരവു പ്രകാരം 14,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ബോർഡിന്റെ മെമ്പർ സെക്രട്ടറി ഒഴികെയുള്ള 14 അംഗങ്ങളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ്, റ്റി.എ എന്നിവ നൽകുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ ഈ ശീർഷകത്തിൽ 1,01,98,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-107-98-(36) - <u>സന്നദ്ധ സംഘടനകൾക്കുള്ള സഹായം - സഹായധനം - ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം : 2,34,29,000 രൂപ (നോൺ പ്ലാൻ)

സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ ഗ്രാന്റ് 10.9.2014 ലെ സർക്കാർ ഉത്തരവു പ്രകാരം 1.4.2014 മുതൽ ഒരാൾക്ക് 700 രൂപയിൽ നിന്നും 800 രൂപയായും 01.01.2015 ലെ സർക്കാർ ഉത്തരവ് പ്രകാരം 800 രൂപയിൽ നിന്നും 1,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 01.04.2014 മുതൽ 31.03.2015 വരെയുള്ള കാലയളവിൽ ഗ്രാന്റ് കൊടുക്കേണ്ടത് 8240 അന്തേവാസികൾക്കാണ്. ഇവർക്ക് ഗ്രാന്റ് നൽകുന്നതിനായി 8,40,48,000 രൂപയും കൂടാതെ അന്തേവാസികൾക്ക് മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിന് 2,97,94,000 രൂപയും ഉൾപ്പെടെ 11,38,42,000 രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 9,04,13,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235 - 02 - 190 - 98 - <u>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ</u>

ബഡ്ജറ്റ് വിഹിതം : 3,75,00,000 രൂപ (പ്ലാൻ)

അംഗവൈകല്യമുള്ളവരുടെ പുനരധിവാസം ജീവിത സാഹചര്യം മെച്ചപ്പെടുത്തൽ എന്നിവയ്ക്കായുള്ള ക്ഷേമ പദ്ധതികളായ സ്വയംതൊഴിൽ പദ്ധതി, മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാഹനം വാങ്ങിയ വികലാംഗർക്കുള്ള സബ്സിഡി, സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം, നാഷണൽ ഹാന്റികാപ്പ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ വായ്പ, തികച്ചും അംഗവൈകല്യമുള്ള കുട്ടികൾക്ക് സ്ഥിര നിക്ഷേപപദ്ധതി, എൻ.എച്ച്.എഫ്.ഡി.സി വായ്പാ പദ്ധതി എന്നീ വിവിധ പദ്ധതികൾക്ക് ഈ ശീർഷകത്തിൽ നിന്നാണ് ചെലവ് വഹിക്കുന്നത്. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ സൗജന്യമായി നൽകുന്ന പദ്ധതി, ഹൈടെക് വീൽ ചെയർ നൽകുന്ന പദ്ധതി, കൂടാതെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗുരുതരമായ

വൈകല്യമുള്ള വ്യക്തികൾ, ഗുരുതരമായ രോഗം ബാധിച്ച വിധവകൾ, ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ, എന്നിവർക്ക് ചെറുകിട ബിസിനസ് സ്ഥാപനങ്ങൾ നടത്തുന്നതിനായി സെക്യൂരിറ്റി ഇല്ലാതെ 25,000 രൂപ വായ്പ നൽകുന്നതിനുള്ള പദ്ധതി, ഭിന്നശേഷിയുള്ളവർക്കായി നടപ്പിലാക്കുന്ന 100% തൊഴിൽ ലഭ്യത ഉറപ്പാക്കിക്കൊണ്ടുള്ള തൊഴിൽ പരിശീലന-തൊഴിൽ ദാന പദ്ധതി എന്നിവയ്ക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 15,00,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235 - 02 - 190 - 98 - <u>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ</u>

ബഡ്ജറ്റ് വിഹിതം : 25,00,000 രൂപ (നോൺ പ്ലാൻ)

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ഭരണ ചെലവുകൾക്കുള്ള 100 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷം 4 ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങളും സർക്കാരിനു നൽകാനുള്ള 7.25 ലക്ഷം രൂപയുടെ ഗ്യാരണ്ടി കമ്മീഷൻ കുടിശ്ശികയും കേരള ഹൗസിംഗ് ബോർഡിലേയ്ക്കുള്ള 5.78 ലക്ഷം രൂപയും കോഴിക്കോട് റീജിയണൽ ഓഫീസിൽ പുതുതായി അനുവദിച്ച മൂന്ന് തസ്തികകളിലേയ്ക്കുള്ള ശമ്പളവും കൂടാതെ പാറ്റൂർ, എം.ആർ.എസ്.റ്റി യൂണിറ്റിന്റെ ഉന്നമനത്തിനായുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. പ്രസ്തുത ചെലവുകൾക്ക് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 75,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235 - 60 - 102 - 99 - <u>അഗതി (വിധവ) കൾക്കുള്ള പെൻഷൻ</u>

ബഡ്ജറ്റ് വിഹിതം : 953,25,59,000 രൂപ (നോൺ പ്ലാൻ)

വിധവകൾക്കുള്ള പ്രതിമാസ പെൻഷൻ 10.09.2014-ലെ സർക്കാർ ഉത്തരവു പ്രകാരം 700 രൂപയിൽ നിന്നും 800 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം

അപര്യാപ്തമാണ്. ആയതിനാൽ കടിശ്ശിക കൂടാതെ പെൻഷൻ വിതരണത്തിനായി ഈ ശീർഷകത്തിൽ 64,03,49,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235 - 60 - 102 - 97 - <u>ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി</u>

ബഡ്ജറ്റ് വിഹിതം : 116,21,00,000 രൂപ (പ്ലാൻ)

10.09.2014 ലെ സർക്കാർ ഉത്തരവു പ്രകാരം 80 വയസ്സിനുമുകളിൽ പ്രായമുള്ള വൃദ്ധജനങ്ങൾക്കുള്ള പെൻഷൻ 1,100 രൂപയിൽ നിന്നും 1,200 രൂപയായും മറ്റുള്ളവർക്കുള്ള പെൻഷൻ 500 രൂപയിൽ നിന്നും 600 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 587,59,98,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-60-102-96 - <u>സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി</u>

ബഡ്ജറ്റ് വിഹിതം : 64,81,73,000 രൂപ (നോൺ പ്ലാൻ)

10.09.2014-ലെ സർക്കാർ ഉത്തരവു പ്രകാരം മറ്റു സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 700 രൂപയിൽ നിന്നും 800 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 3,24,10,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-60-200-79 - <u>1995-ലെ അവശ വിഭാഗ ആക്റ്റിൻ (തുല്യ അവസരാവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) കീഴിലുള്ള അവശ വ്യക്തികളുടെ സംസ്ഥാനതല കമ്മീഷണർ</u>

ബഡ്ജറ്റ് വിഹിതം : 70,20,000 രൂപ (നോൺ പ്ലാൻ)

ശ്രവണ വൈകല്യമുള്ളവരുടെ പരാതി സ്വീകരിക്കുന്നതിനായി നിയമിയ്ക്കുന്ന ഇന്റർപ്രെട്ടർ, ഡ്രൈവർ എന്നീ തസ്തികകളിൽ നിയമനം ലഭിക്കുന്നവർക്ക് വേതനം നൽകുന്നതിന് 5 ലക്ഷം രൂപയും അംഗപരിമിതരുടെ സംസ്ഥാന നയ രൂപീകരണ സമിതിയായ സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടേയും, സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും നോമിനേറ്റഡ് അംഗങ്ങൾക്ക് റ്റി.എ./ഡി.എ എന്നിവ നൽകുന്നതിന് 3 ലക്ഷം രൂപയും ആവശ്യമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ആകെ 8,00,000 രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-60-200-79-(34) - <u>1995-ലെ അവശ വിഭാഗ ആക്റ്റിൻ (തുല്യ അവസരാവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) കീഴിലുള്ള അവശ വ്യക്തികളുടെ സംസ്ഥാനതല കമ്മീഷണർ - മറ്റു ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

അംഗപരിമിതർ വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരാറുള്ള പൊതുസ്ഥലങ്ങളായ കളക്ടറേറ്റുകൾ, സിവിൽ സ്റ്റേഷനുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, കോടതികൾ, ബാങ്കുകൾ, ആശുപത്രികൾ, ബസ്സ്റ്റാന്റുകൾ, പാർക്കുകൾ, ബീച്ചുകൾ, മറ്റു പബ്ലിക് ബിൽഡിംഗുകൾ, സർവ്വകലാശാലകൾ, കോളേജുകൾ, സ്കൂളുകൾ തുടങ്ങിയ സ്ഥലങ്ങളിൽ അവർക്ക് തടസ്സരഹിതമായ സഞ്ചാരസൗകര്യം ഉറപ്പാക്കേണ്ടതും , വീൽചെയർ ഉപയോഗിക്കുന്നവർക്ക് സൗകര്യപ്രദമായ പ്രത്യേകതരം ടോയ്ലെറ്റുകൾ സ്ഥാപിക്കേണ്ടതുമാണ്. അംഗപരിമിതർക്ക് ലിഫ്റ്റ്, റാമ്പ്, മോഡിഫൈഡ് ടോയ്ലെറ്റുകൾ എന്നിവ അത്യാവശ്യ ഘടകങ്ങളാണെന്ന് ദേശീയ നിയമത്തിൽ കർശനമായി നിഷ്കർച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഈ രംഗത്ത് കാര്യമായി ഒന്നും തന്നെ ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്ന്

സമിതി മനസ്സിലാക്കുന്നു. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-60-200-72-(02) - <u>തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)</u>

ബഡ്ജറ്റ് വിഹിതം : 30,00,00,000 രൂപ (പ്ലാൻ)

ശയ്യാവലംബികളായ നിത്യരോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് ആശ്വാസ കിരണം. ഈ പദ്ധതിയിൽ, 63544 ഗുണഭോക്താക്കളാണുള്ളത്. 2015-16 വർഷത്തിൽ 10000 ഗുണഭോക്താക്കളെ പുതുതായി പ്രതീക്ഷിക്കുന്നു. കൂടാതെ കോർപ്പസ് ഫണ്ടിൽ നിന്നും 44 കോടി രൂപ കഴിഞ്ഞവർഷം ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 60,33,27,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235 - 60 - 200 - 72 -(08) - <u>വിശപ്പു മുക്ത നഗരം</u>

ബഡ്ജറ്റ് വിഹിതം : 1,90,00,000 രൂപ (പ്ലാൻ)

കോഴിക്കോട് നഗരത്തിൽ നടപ്പാക്കിയിട്ടുള്ള വിശപ്പുമുക്ത നഗരം പദ്ധതി മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽ കൂടി വ്യാപിപ്പിച്ചതിനാൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2,10,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235 - 60 - 200 - 72 -(11) - <u>സ്നേഹപൂർവ്വം</u>

ബഡ്ജറ്റ് വിഹിതം : 13,00,00,000 രൂപ (പ്ലാൻ)

ബന്ധുക്കളുടെയോ കൂട്ടുകാരുടേയോ കൂടെ വീടുകളിൽ കഴിയുന്ന അനാഥരായ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ചെയ്യുന്ന ഈ പദ്ധതിയിൻകീഴിൽ

ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 42,37,56,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-60-200-72 -(13) - ബി.പി.എൽ വിഭാഗത്തിലുള്ള ഡയാലിസിസ് ഡിപ്പന്റന്റ് റീനൽ പേഷ്യൻസിന് പെൻഷൻ

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

കിഡ്നി തകരാറ് സംഭവിച്ച് ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. കുടുംബങ്ങളിലെ രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്. 2014-15 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൽ കിഡ്നി/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവരെയും ഹീമോഫീലിയ രോഗികളെയും കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്തുകയുണ്ടായെങ്കിലും 2015-16-ലെ ബഡ്ജറ്റിൽ ഇതിനായി തുക അനുവദിച്ചിട്ടില്ല. നിലവിൽ ഈ പദ്ധതി ആനുകൂല്യത്തിന് 4091 ഗുണഭോക്താക്കളുണ്ട്. ഇവർക്ക് 2015-16 വർഷത്തേയ്ക്ക് ധന സഹായം അനുവദിക്കുന്നതിന് 5 കോടി 24 ലക്ഷം രൂപ ആവശ്യമാണ്. നടപ്പുവർഷം പുതുതായി പ്രതീക്ഷിക്കുന്ന 6000 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് 7 കോടി 92 ലക്ഷം രൂപ ആവശ്യമാണ്. കൂടാതെ കഴിഞ്ഞവർഷം 2.49 കോടി രൂപ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുകയുണ്ടായി. ആയതിനാൽ 2015-16 സാമ്പത്തിക വർഷം സമാശ്വാസം പദ്ധതിക്കായി 15,66,03,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4235-02-102-94- അംഗൻവാടികളിൽ പ്രീ സ്കൂൾ, പ്രീ-പ്രൈമറി വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ സംയോജനം (നബാർഡ് ആർ.ഐ.ഡി.എഫ്)

ബഡ്ജറ്റ് വിഹിതം : ഇല്ല

ഈ പദ്ധതി പ്രകാരം 506 അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഒരു അംഗൻവാടി കെട്ടിടം 6.88 ലക്ഷം രൂപ നിരക്കിൽ

നിർമ്മിക്കുന്നതിന് ആകെ 34.8128 കോടി രൂപ ആവശ്യമുണ്ട്. ഈ ആവശ്യത്തിന് 2 കോടി രൂപ 2014-15 സാമ്പത്തിക വർഷം വകയിരുത്തിയിരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 32,81,28,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4235-02-102-92 - <u>നിയമസഭാ മണ്ഡലത്തിന്റെ ആസ്തി വികസനത്തിനു വേണ്ടിയുള്ള പദ്ധതികൾ</u>

ബഡ്ജറ്റ് വിഹിതം : 30,000 രൂപ (നോൺ പ്ലാൻ)

ശ്രീ. എ. എം. ആരിഫ് എം. എൽ. എയുടേയും ശ്രീ. പി. കെ. ഗുരുദാസൻ എം. എൽ. എയുടേയും എൽ.എ.സി-എ.ഡി.എസ് പ്രകാരം പ്രസ്തുത നിയോജക മണ്ഡലങ്ങളിൽ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ആകെ 75 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ചിരുന്നെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനു വേണ്ടി ഈ ശീർഷകത്തിൽ 74,70,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4235-02-102-91 - <u>അംഗൻവാടി മന്ദിരങ്ങളുടെ ഉന്നമനം</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

ഈ പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ 1052 അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഒരു അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ചെലവായ 4.5 ലക്ഷം രൂപയിൽ 75% തുക കേന്ദ്ര വിഹിതവും 25% തുക സംസ്ഥാന വിഹിതവുമാണെന്നും സമിതി മനസ്സിലാക്കുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ 1 ലക്ഷം രൂപ വീതം ചെലവഴിച്ച് 1370 അംഗൻവാടി കെട്ടിടങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിലും 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. ഈ പദ്ധതിയ്ക്കായി നടപ്പുവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തിനാൽ ഈ ശീർഷകത്തിൽ

61,04,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2014-2015 സാമ്പത്തിക വർഷത്തിലെ സമിതിയുടെ ശിപാർശകളിൻമേൽ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഇതുവരെയും ലഭ്യമാക്കാത്തത് എത്രയും വേഗം ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശവുമായി ബന്ധപ്പെട്ട് ആയത് എത്രയും വേഗം ലഭ്യമാക്കാമെന്ന് സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

സമിതിയുടെ 13.05.2015 ൽ കൂടാൻ തീരുമാനിച്ചിരുന്ന യോഗം 20.05.2015 ലേയ്ക്ക് മാറ്റിവയ്ക്കാൻ തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 12.30 ന് സമിതിയോഗം പിരിഞ്ഞു.

## 2015 മെയ് 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII, 2015 മെയ് 20-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. പി. അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗമായ പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീമതി പി. കെ. ജയലക്ഷ്മിയും അംഗമായ ശ്രീ. അൻവർ സാദത്ത് എം.എൽ.എയും തദവസരത്തിൽ ഹാജരായിരുന്നു.

**നിയമസഭാ സെക്രട്ടേറിയറ്റ്**:

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.
2. ശ്രീ. സുബ്രതാ ബിശ്വാസ്, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്.
3. ഡോ. ആശാ തോമസ്, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്.
4. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി (ഇൻ-ചാർജ്ജ്) സാമൂഹ്യനീതി വകുപ്പ്.
5. ശ്രീ. വി. എൻ. ജിതേന്ദ്രൻ, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.
6. ശ്രീ. റ്റി. ഭാസ്കരൻ, ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.

7. ശ്രീ. വി. ആർ. ജോഷി, ഡയറക്ടർ, പിന്നോക്കസമുദായ വികസന വകുപ്പ്.

8. ശ്രീ. സി. കെ. വിശ്വനാഥൻ, സെക്രട്ടറി, കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ.

9. ശ്രീ. പി. വി. പത്മാകരൻ, സെക്രട്ടറി (ഇൻ-ചാർജ്ജ്), കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്.

10. ശ്രീ. ജാഫർഖാൻ, മാനേജിംഗ് ഡയറക്ടർ, പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ.

11. ഡോ. റ്റി. വി. അഷ്റഫ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ.

12. ശ്രീ. റ്റി. വേണുഗോപാൽ, രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷൻ.

സമിതി, 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ മറുപടി ലഭിക്കാത്ത ശിപാർശകളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചുവടെ പറയുന്ന ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ച് അംഗീകരിക്കുകയും ചെയ്തു.

2014-15 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്. (ഫയൽ നമ്പർ 3158/സബ്.സി.ജി.ച/2014/നി.സെ.)

<u>പട്ടികജാതി വികസന വകുപ്പ്</u>

ഖണ്ഡിക നമ്പർ - 1 അംഗീകരിച്ചു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

ഖണ്ഡിക 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19 അംഗീകരിച്ചു.

<u>പിന്നോക്ക സമുദായ വികസന വകുപ്പ്</u>

ഖണ്ഡിക നമ്പർ 20, 21, 22, 23, 24, 25 അംഗീകരിച്ചു.

<u>സാമൂഹ്യനീതി വകുപ്പ്</u>

ഖണ്ഡിക നമ്പർ 26, 27, 28, 29, 30, 31, 32, 35, 36, 37, 38, 40, 41, 43, 44, 45, 46, 47, 49, 50, 51, 52, 53 അംഗീകരിച്ചു.

സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭിച്ച ഖണ്ഡിക 48 നുള്ള നടപടി റിപ്പോർട്ട് സമിതി പരിഗണിച്ചു. എന്നാൽ പ്രസ്തുത ശിപാർശയിന്മേൽ നടപടി സ്വീകരിക്കേണ്ടത് ധനകാര്യ വകുപ്പായതിനാൽ, അന്തിമ മറുപടി ലഭ്യമാക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

<u>ആഭ്യന്തര വകുപ്പ്</u>

ഖണ്ഡിക നമ്പർ 54 അംഗീകരിച്ചു.

ഖണ്ഡിക 48 മേലുള്ള നടപടി റിപ്പോർട്ടിന്റെ അന്തിമ മറുപടി ധനകാര്യ വകുപ്പിൽ നിന്നും ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

2011-12 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 41-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ വ്യത്യസ്തമായ നടപടി റിപ്പോർട്ടുകൾ സാമൂഹ്യനീതി വകുപ്പിൽ നിന്ന് ലഭ്യമാക്കിയതിന്മേലുള്ള വിശദീകരണം സമർപ്പിച്ചിരുന്നത് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു (ഫയൽ നമ്പർ 4876/സബ്.സി.ജി2/2011/ലെജി).

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗം 03.06.2015 ന് തിരുവനന്തപുരത്ത് വച്ച് കൂടാൻ തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 3.00 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 2015 ജൂൺ 03-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIII, 2015 ജൂൺ 3-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിയ്ക്ക് നിയമസഭാസമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം.കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളായ പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ.എ.പി.അനിൽകുമാറും പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീമതി പി.കെ.ജയലക്ഷ്മിയും ചുവടെ ചേർക്കുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു.

1. ശ്രീ. പുരുഷൻ കടലുണ്ടി എം.എൽ.എ.
2. ശ്രീമതി കെ.എസ്. സലീഖ എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

സമിതി 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരടും പരിഗണിയ്ക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി 2015-ൽ നടത്താൻ ഉദ്ദേശിക്കുന്ന അഖിലേന്ത്യാ പഠന പര്യടന പരിപാടിയുടെ കരട് ടൂർ പ്രോഗ്രാം തയ്യാറാക്കാൻ നിയമ സഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി.

സമിതിയോഗം ഉച്ചയ്ക്കുശേഷം 03.05 ന് പിരിഞ്ഞു.

<u>അന്തർ സംസ്ഥാന പഠന പര്യടന യാത്രയുടെ നടപടിക്കുറിപ്പ്</u>

സാമൂഹ്യസേവനം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIII, 2015 ഓഗസ്റ്റ് 04 മുതൽ 12 വരെ ഗോവ, ഉത്തരഖണ്ഡ്, ഡൽഹി, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ പര്യടനം നടത്തുകയും ഈ സംസ്ഥാനങ്ങളിൽ സാമൂഹ്യ സേവനത്തിനുവേണ്ടി നടപ്പിലാക്കിയ വിവിധ പദ്ധതികളെ സംബന്ധിച്ച് പഠനം നടത്തുകയുമുണ്ടായി.

2015 ആഗസ്റ്റ് 04-ാം തീയതി സമിതി ചെയർമാന്റെ അഭാവത്തിൽ എം.എൽ.എ. ഹോസ്റ്റലിൽ സമിതി അംഗം ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിന്റെ മുറിയിൽ വൈകുന്നേരം 6.15 ന് യോഗം ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
2. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
3. ശ്രീ. കെ.രാധാകൃഷ്ണൻ, എം.എൽ.എ.
4. ശ്രീമതി കെ.എസ്. സലീഖ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഡി. കൃഷ്ണൻ കുട്ടി, സെക്ഷൻ ഓഫീസർ.

സമിതിയുടെ സന്ദർശനം സംബന്ധിച്ച് നടത്തിയ ക്രമീകരണങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. തുടർന്ന് 6.40 ന് തിരുവനന്തപുരം റയിൽവേ സ്റ്റേഷനിലേയ്ക്ക് യാത്ര തിരിച്ചു.

5.8.2015 ന് രാവിലെ 10.55 ന് മഡ്ഗാവിലെത്തുകയും ചെയ്തു. അന്നേ ദിവസം രാവിലെ 11.30 ന് മഡ്ഗാവ് റെസ്റ്റ് ഹൗസിലെ കോൺഫറൻസ് ഹാളിൽ വച്ച് ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു.

1. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
2. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
3. ശ്രീ. കെ.രാധാകൃഷ്ണൻ, എം.എൽ.എ.
4. ശ്രീമതി കെ.എസ്. സലീഖ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഡി. കൃഷ്ണൻ കുട്ടി, സെക്ഷൻ ഓഫീസർ.

<u>സാമൂഹ്യ സേവന വകുപ്പ്, ഗോവ ഗവൺമെന്റ്</u>

1. ശ്രീ. സാന്റാനോ ഫെർണാണ്ടസ്, ഡെപ്യൂട്ടി ഡയറക്ടർ, സാമൂഹ്യസേവന വകുപ്പ്, ഗോവ ഗവൺമെന്റ്.
2. ശ്രീമതി സുപ്രിയ മഞ്ചരേക്കർ, ജില്ലാ വികസന ഓഫീസർ, ഗോവ.

സമിതിയംഗങ്ങൾക്കും മറ്റുമുള്ള താമസ സൗകര്യത്തെപ്പറ്റിയും ഗോവ നിയമസഭാ സ്പീക്കറുമായുള്ള മീറ്റിംഗിനും വേണ്ടി നടത്തിയ ക്രമീകരണങ്ങളെപ്പറ്റിയും ഗോവ ഉദ്യോഗസ്ഥർ വിശദീകരണം നൽകി. 11.50 ന് യോഗം അവസാനിപ്പിച്ച് ഗോവ നിയമസഭയിലേക്ക് സമിതി യാത്ര തിരിച്ചു.

5.08.2015 ന് ഉച്ചയ്ക്ക് 12.40 ന് ഗോവ നിയമസഭയുടെ കോൺഫറൻസ് ഹാളിൽ വച്ച് ഗോവ നിയമസഭാ സ്പീക്കർ ശ്രീ. രാജേന്ദ്ര ആർലേക്കർ സമിതിയുമായി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
2. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
3. ശ്രീ. മോൻസ് ജോസഫ്, എം.എൽഎ.
4. ശ്രീ. കെ.രാധാകൃഷ്ണൻ, എം.എൽ.എ.
5. ശ്രീമതി കെ.എസ്. സലീഖ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഡി. കൃഷ്ണൻ കുട്ടി, സെക്ഷൻ ഓഫീസർ.

സ്പീക്കറുമായി നടന്ന ചർച്ചയുടെ പൂർണ്ണ രൂപം ചുവടെ ചേർക്കുന്നു.

ആധുനിക സൗകര്യങ്ങളോടുകൂടിയ നിയമസഭാ കോംപ്ലക്സ് മനോഹരമായ സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. അസംബ്ലി ബിൽഡിംഗ് വി.ഐ.പി. ബ്ലോക്ക്, അസംബ്ലി ബ്ലോക്ക്, സെക്രട്ടേറിയറ്റ് ബ്ലോക്ക് എന്നിവ ഉൾപ്പെട്ടതാണ്. അസംബ്ലി ഹാളിൽ ആധുനിക രീതിയിലുള്ള ശബ്ദ, ചിത്ര, സംവിധാനങ്ങളും ഡിജിറ്റൽ മൈക്രോ ഫോൺ സംവിധാനങ്ങളും e-ലെജിസ്ലേറ്റീവ് പ്രവർത്തനത്തിനുവേണ്ടിയുള്ള കണക്ടിവിറ്റി സംവിധാനങ്ങളും നിലവിലുണ്ട്. ഗോവ നിയമസഭ 40 അംഗങ്ങളുള്ള യൂണികാമറൽ നിയമസഭയാണ്. നിയമസഭ പ്രവർത്തനങ്ങൾ രാവിലെ 11.30 ന് ആരംഭിക്കുന്നു. ചർച്ചക്കിടയിൽ അന്തരിച്ച മുൻ സ്പീക്കറായ ശ്രീ. ജി. കാർത്തികേയനെ ഗോവ നിയമസഭാ സ്പീക്കർ അനുസ്മരിച്ചു. സമിതി, ഗോവ നിയസഭാ സ്പീക്കറെ കേരളം സന്ദർശിക്കാൻ ക്ഷണിച്ചു. സമിതി യോഗം 13.05 ന് അവസാനിക്കുകയും അതിനു ശേഷം കോൾവ ബീച്ച്, സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, ഗോവ ബോട്ട് ക്രൂയിസ് എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തു.

2015 ആഗസ്റ്റ് 6-ാം തീയതി രാവിലെ 5.30 ന് ഗോവയിൽനിന്നും സമിതി വിമാനത്താവളത്തിലേയ്ക്ക് യാത്ര തിരിക്കുകയും 7.15 ന് വിമാനത്താവളത്തിൽ നിന്നും യാത്ര തിരിച്ച് 11.30 ന് ന്യൂഡൽഹിയിൽ എത്തിച്ചേർന്നു. ഉച്ചയ്ക്ക് 2.30 ന് ഡൽഹി നിയമസഭാ കോൺഫറൻസ് ഹാളിൽ ഡൽഹി സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ശ്രീ. സന്ദീപ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും വകുപ്പുമന്ത്രിയുമായി സമിതി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായി.

1. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
2. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
3. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
4. ശ്രീ. കെ.രാധാകൃഷ്ണൻ, എം.എൽ.എ.
5. ശ്രീമതി കെ.എസ്. സലീഖ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഡി. കൃഷ്ണൻ കുട്ടി, സെക്ഷൻ ഓഫീസർ.

<u>സാമൂഹ്യക്ഷേമ വകുപ്പ് ഡൽഹി ഗവൺമെന്റ്</u>

ശ്രീ. പരിമൾ റായി, പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്, ഡൽഹി ഗവൺമെന്റ്.
ശ്രീ. സുശീൽ സിംഗ്, ജോയിന്റ് ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്, ഡൽഹി ഗവൺമെന്റ്.
ശ്രീ. എ. മദൻ, ഡെപ്യൂട്ടി ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്, ഡൽഹി ഗവൺമെന്റ്.
ശ്രീമതി മഞ്ജുള കശ്ശരിസ്, അസിസ്റ്റന്റ് ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്, ഡൽഹി ഗവൺമെന്റ്.
ശ്രീമതി പൂനം സക്സേന, സൂപ്പർ വൈസർ, സാമൂഹ്യക്ഷേമ വകുപ്പ്, ഡൽഹി ഗവൺമെന്റ്.

ഡൽഹി സർക്കാരിന്റെ സാമൂഹ്യക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർ പ്രദർശിപ്പിച്ച പവർ പോയിന്റ് പ്രസന്റേഷനിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സമൂഹത്തിലെ അവശരും അവഗണന അനുഭവിക്കുന്നവർക്കുമുള്ള വികസന പദ്ധതികൾ സാമൂഹ്യക്ഷേമ വകുപ്പ് നടത്തിവരുന്നെന്നും സമൂഹത്തിലെ തന്നെ നിരാലംബർക്കും മാനസിക ശാരീരിക വൈകല്യമുള്ളവർക്കും യാചകർക്കും അശരണരായ വൃദ്ധർക്കും ക്ഷേമ സ്ഥാപനങ്ങൾ നടത്തുന്നുണ്ടെന്നും വൃദ്ധർക്ക് ഓൾഡ് ഏജ് പെൻഷൻ പ്രകാരം പ്രതിമാസം 1000 രൂപ 60 മുതൽ 69 വയസ്സുവരെയുള്ളവർക്കും 1500/- രൂപ 70 വയസ്സിൽ കൂടുതലുള്ളവർക്കും പ്രതിമാസം നൽകിവരുന്നെന്നും മാനസിക വളർച്ചയില്ലാത്തവർക്ക് 7 ഹോം സ്കൂൾ നടത്തുന്നുണ്ടെന്നും 2 ഓൾഡ് ഏജ് ഹോമുകളും 5 ബെഗ്ഗർ ഹോമുകളും അന്ധർക്കായി രണ്ടു സ്ഥാപനങ്ങളും ബധിരർക്കായി

അഞ്ചു സ്കൂളുകളും നടത്തുന്നുണ്ടെന്നും സമിതിയെ ധരിപ്പിച്ചു. കേരളത്തിൽ സാമൂഹ്യ നീതിവകുപ്പു നടത്തുന്ന പദ്ധതികളെപ്പറ്റി സമിതി അംഗങ്ങൾ വിവരിച്ചു. യോഗം ഉച്ചയ്ക്ക് 3.40 ന് അവസാനിച്ചു.

സമിതി, 2015 ആഗസ്റ്റ് 6-ാം തീയതി ന്യൂഡൽഹിയിൽ നിന്നും യാത്ര തിരിക്കുകയും ആഗസ്റ്റ് 7-ാം തീയതി രാവിലെ ഡെറാഡൂണിൽ എത്തിച്ചേരുകയും ചെയ്തു.

2015 ആഗസ്റ്റ് 7-ാം തീയതി രാവിലെ 11.00 മണിയ്ക്ക് ഉത്തരാഖണ്ഡ് മുഖ്യമന്ത്രി ശ്രീ. ഹരീഷ് റാവത്തിന്റെ ഔദ്യോഗിക വസതിയിൽ, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
2. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
3. ശ്രീമതി കെ.എസ്. സലീഖ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഡി. കൃഷ്ണൻ കുട്ടി, സെക്ഷൻ ഓഫീസർ.

<u>ഹാജരായ ഉദ്യോഗസ്ഥർ, ഉത്തരാഖണ്ഡ് സർക്കാർ</u>

1. ശ്രീ. എസ്. രാജു, അഡീഷണൽ ചീഫ് സെക്രട്ടറി, ഉത്തരാഖണ്ഡ് സർക്കാർ.
2. ശ്രീ. കൃഷൻ നാഥ്, അഡീഷണൽ സെക്രട്ടറി & ഡയറക്ടർ, ട്രൈബൽ വെൽഫയർ, ഉത്തരാഖണ്ഡ് സർക്കാർ.
3. ശ്രീ. എം.സി.ഠാക്കൂർ, ജോയിന്റ് ഡയറക്ടർ, ഉത്തരാഖണ്ഡ് സർക്കാർ.
4. ശ്രീ. യോഗേന്ദ്രറാവ, ജോയിന്റ് ഡയറക്ടർ, ഉത്തരാഖണ്ഡ് സർക്കാർ.

ഉത്തരാഖണ്ഡ് മുഖ്യമന്ത്രി കേരള നിയമസഭാ കമ്മിറ്റിയെ സ്വാഗതം ചെയ്തു. ഉത്തരാഖണ്ഡിലെ പട്ടികവർഗ്ഗ വിഭാഗക്കാർ താമസിക്കുന്നത് ഗതാഗത

സൗകര്യമില്ലാത്ത സ്ഥലങ്ങളിലാണെന്നും എന്നാൽ അവർ വിദ്യാസമ്പന്നരാണെന്നും അവരുടെ അവസ്ഥ മറ്റുള്ള സംസ്ഥാനത്തിലുള്ളവരെക്കാൾ വളരെ മെച്ചമാണെന്നും കൂടാതെ ഉത്തരാഖണ്ഡിലെ വന പഞ്ചായത്തിനെയും വനം സംരക്ഷിക്കുന്നതിൽ വന പഞ്ചായത്തിന്റെ സേവനങ്ങളെയും കുറിച്ച് മുഖ്യമന്ത്രി സമിതിയെ ധരിപ്പിച്ചു. കൂടാതെ യോഗത്തിനിടയിൽ രണ്ടു സംസ്ഥാനങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന സാമൂഹ്യ ക്ഷേമ പ്രവൃത്തികളെ സംബന്ധിച്ച് ചർച്ച ചെയ്തു. സമിതി, മുഖ്യമന്ത്രിയെ കേരളം സന്ദർശിക്കാൻ ക്ഷണിക്കുകയും മുഖ്യമന്ത്രി സമിതിയംഗങ്ങൾക്ക് ഗംഗാജലം ഉപഹാരമായി നൽകുകയും ചെയ്തു. 11.20 ന് യോഗം പിരിഞ്ഞു.

യോഗത്തിനുശേഷം സമിതി ഐ.എഫ്.എസ്. അക്കാഡമി, നോൺവുഡ് ഫോറസ്റ്റ് മ്യൂസിയം, സിൽവികൾച്ചർ മ്യൂസിയം, ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, എന്റമോളജിക്കൽ മ്യൂസിയം, ബാംബൂഫോറസ്റ്റ് എന്നിവ സന്ദർശിച്ചു. തുടർന്ന് സമിതി ധനോൾട്ടിയിലേയ്ക്ക് യാത്ര തിരിച്ചു.

2015 ആഗസ്റ്റ് 8-ാം തീയതി രാവിലെ 11.30 ന് മുസ്സോറിയിലെ ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷൻ കോൺഫറൻസ് ഹാളിൽ യോഗം ചേർന്നു. തദവസരത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങൾ പങ്കെടുത്തു.

1. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
2. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
3. ശ്രീമതി കെ.എസ്. സലീഖ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഡി. കൃഷ്ണൻ കുട്ടി, സെക്ഷൻ ഓഫീസർ.

<u>ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാഡമി ഓഫ് അഡ്മിനിസ്ട്രേഷൻ (LBSNAA)</u>

1. ശ്രീ. സൗരഭ് ജയിൻ, ഡെപ്യൂട്ടി ഡയറക്ടർ.
2. ഡോ. മൊനോനിത കുണ്ടുദോപ്, പ്രൊഫസർ ഓഫ് ലാ.
3. ശ്രീ. എച്ച്. സി. പന്ത്, സൂപ്രണ്ട്, ടി.ആർ.പി.സി.

4. ഡോ. ഡി.പി.എസ്. റാത്തോർ, അസിസ്റ്റന്റ് സ്റ്റാറ്റിക് ഓഫീസർ.

5. ശ്രീ. എൻ.ടി.എൽ.റെഡ്ഡി, എ.സി.യു.ടി, കോട്ടയം.

6. ശ്രീമതി മൃൺമയി ജോഷി, എ.സി.യു.ടി, എറണാകുളം.

എൽ.ബി.എസിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഒരു പവർപോയിന്റ് വിശദീകരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തി. ഇന്ത്യയിലെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക ട്രെയിനിംഗ് നൽകുന്ന ഉന്നത സ്ഥാപനമാണ് എൽ.ബി.എസ്.എൻ.എ.എ. എന്നും ക്വാളിറ്റി ട്രെയിനിംഗിലൂടെ ഗുഡ് ഗവേർണൻസ് ഉണ്ടാക്കുകയെന്നതാണ് എൽ.ബി.എസ്.എൻ.എ.എ. യുടെ ലക്ഷ്യം എന്നും സിവിൽ സർവന്റിന് മെച്ചപ്പെട്ട ട്രെയിനിംഗ് നൽകി ലോക ശ്രദ്ധ പിടിച്ചുപറ്റിയ സ്ഥാപനമാണ് ഐ.എ.എസ്. അക്കാഡമി എന്നും വിശദീകരിക്കുകയുണ്ടായി. ഫൗണ്ടേഷൻ കോഴ്സ്, ഐ.എ.എസ്. പ്രൊഫഷണൽ കോഴ്സ് ഫെയിസ് I, ഡിസ്ട്രിക്ട് ട്രെയിനിംഗ്, ഐ.എ.എസ്. പ്രൊഫണൽ കോഴ്സ് ഫെയിസ് II, മിഡ് കരിയർ ട്രെയിനിംഗ് പ്രോഗ്രാം, ഇൻഡക്ഷൻ ട്രെയിനിംഗ്, വെർട്ടിക്കൽ ഇന്റഗ്രേഷൻ ട്രെയിനിംഗ് പ്രോഗ്രാം, സെമിനാറും കോൺഫറൻസും എന്നിങ്ങനെ വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകൾ ഈ അക്കാഡമിയിൽ നടത്തിവരുന്നുവെന്നും വിശദീകരിച്ചു. കലയും സംസ്കാരവും ട്രെയിനിംഗ് കരിക്കുലത്തിന്റെ ഭാഗമായി ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. ഉച്ചയ്ക്ക് 12.15 ന് യോഗം അവസാനിച്ചു.

തുടർന്ന് സമിതി ടൂർ പ്രോഗ്രാം പ്രകാരമുള്ള സ്ഥലങ്ങൾ സന്ദർശിച്ചതിനുശേഷം ന്യൂഡൽഹിയിൽ തിരിച്ചെത്തി.

2015 ഓഗസ്റ്റ് 9-ാം തീയതി രാവിലെ 7.40 ന് ന്യൂഡൽഹിയിൽ നിന്നും കൽക്ക ശതാബ്ദി എക്സ്പ്രസ്സിൽ യാത്ര തിരിച്ച് 11.05 ന് ചാണ്ഡിഗഡിൽ എത്തി. ഉച്ചയ്ക്ക് 3.20 ന് സമിതി ഭക്രാംനംഗൽ അണക്കെട്ട് സന്ദർശിച്ചു.

2015 ആഗസ്റ്റ് 10-ാം തീയതി രാവിലെ 11.30 ന് പഞ്ചാബ് നിയമസഭയുടെ കോൺഫറൻസ് ഹാളിൽ പഞ്ചാബ് സർക്കാരിന്റെ കീഴിലുള്ള സാമൂഹ്യക്ഷേമ വകുപ്പിന്റെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. തദവസരത്തിൽ പുറകെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
2. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
3. ശ്രീമതി കെ.എസ്. സലീഖ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ഡി. കൃഷ്ണൻ കുട്ടി, സെക്ഷൻ ഓഫീസർ.

സാമൂഹ്യക്ഷേമ വകുപ്പ് പഞ്ചാബ് സർക്കാർ

1. ശ്രീ. ജൻഡാൽ സിംഗ്, സെക്രട്ടറി, സാമൂഹ്യ സുരക്ഷിതത്വവും സ്ത്രീകളുടെയും കുട്ടികളുടെയും വികസന വകുപ്പ്, പഞ്ചാബ് സർക്കാർ.
2. ശ്രീമതി ലില്ലി ചൗധരി, ജോയിന്റ് ഡയറക്ടർ, സാമൂഹ്യസുരക്ഷിതത്വ വകുപ്പ്, പഞ്ചാബ് സർക്കാർ.
3. ശ്രീ. ജസിന്ദർ സിംഗ്, ഡെപ്യൂട്ടി ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്, പഞ്ചാബ് സർക്കാർ.

പഞ്ചാബ് സർക്കാരിന്റെ സാമൂഹ്യക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർ പവർപോയിന്റ് പ്രസന്റേഷനിലൂടെ താഴെപറയുന്ന കാര്യങ്ങൾ വിശദീകരിച്ചു.

വാർദ്ധക്യകാല പെൻഷൻ പദ്ധതി, വിധവകൾക്കും നിരാലംബരായ വനിതകൾക്കുമുള്ള സാമ്പത്തിക സഹായം, ഡിപെന്റന്റ് ചിൽഡ്രനുള്ള സാമ്പത്തിക സഹായം, വികലാംഗർക്കുള്ള സാമ്പത്തിക സഹായം എന്നീ പദ്ധതികൾ സാമൂഹ്യ സുരക്ഷിതത്വവും സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്ന വകുപ്പു മുഖേന പഞ്ചാബിൽ നടപ്പിലാക്കി വരുന്നു. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി, ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ പദ്ധതി എന്നിവ ദേശീയ സാമൂഹ്യസഹായ പദ്ധതിപ്രകാരമാണ് നടപ്പിലാക്കിയിട്ടുള്ളത്. പതിമൂന്നാം ധനകാര്യ കമ്മീഷൻ പ്രകാരം ഗവൺമെന്റ് നടപ്പിലാക്കിയ 'ബേബി നങ്കി ലാഡ്‌ലി', 'ബേട്ടി കല്യാൺ' പദ്ധതി പ്രകാരം സംസ്ഥാനത്ത് ആൺ പെൺ അനുപാതം വർദ്ധിച്ചു. ഈ

പദ്ധതി പ്രകാരം ഗവൺമെന്റ് ഒരു പെൺകുട്ടിയ്ക്ക് 20,000/- രൂപ എൽ.ഐ.സി.യിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ പദ്ധതി മുഖേന 12,641 പേർക്ക് സഹായം ലഭിച്ചു. പഞ്ചാബ് സർക്കാരിന്റെ 'മായി ഭാഗോ വിദ്യാ സ്കീം' പ്രകാരം 9 മുതൽ 12-ാം ക്ലാസ്സുവരെ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും സൗജന്യമായി സൈക്കിൾ നൽകിയിട്ടുണ്ട്. പഞ്ചാബ് സർക്കാർ ഏർപ്പെടുത്തിയിരിയ്ക്കുന്ന ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്മെന്റ് സർവ്വീസ് പ്രകാരം അനുപൂരകപോഷകം, ഇമ്യൂണൈസേഷൻ, ഹെൽത്ത് ചെക്ക്അപ്, റഫറൽ സർവ്വീസ്, ഹെൽത്ത് എഡ്യൂക്കേഷൻ, പ്രീസ്കൂൾ എഡ്യൂക്കേഷൻ എന്നിവ ആറുവയസുവരെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നൽകിവരുന്നു. അംഗൻവാടി വർക്കർമാർക്ക് പ്രതിമാസം 5,000/- രൂപയും അംഗൻവാടി ഹെൽപ്പർമാർക്ക് പ്രതിമാസം 2,500/- രൂപയും ഹോണറേറിയമായി നൽകിവരുന്നു. അനുപൂരക പോഷണത്തിനായി ചിലവാകുന്ന തുകയുടെ 50% കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് തിരികെ നൽകുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ SABLA ആറു ജില്ലകളിലും 'ഇന്ദിരാഗാന്ധി മാട്രിറ്റേവ് സഹയോഗ് യോജന' (IGMSY) രണ്ടു ജില്ലകളിലും "ബേട്ടി ബച്ചാവോ ബേട്ടി പഠാവോ" (BBBP) പദ്ധതി തിരഞ്ഞെടുത്ത 11 ജില്ലകളിലും നടപ്പിലാക്കി വരുന്നു. പഞ്ചാബ് ഗവൺമെന്റ് ചൈൽഡ് ട്രാക്കിംഗ് സിസ്റ്റം, SIPA (Scheme for Implementation of the Persons with Disabilities Act 1995) എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിൽ നടപ്പിലാക്കിവരുന്ന വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളെപ്പറ്റി വിവരിച്ചു. യോഗം ഉച്ചയ്ക്കുശേഷം 12.20 ന് അവസാനിച്ചു.

തുടർന്ന് അമൃത്സറിൽ എത്തിച്ചേർന്ന സമിതി 11.08.2015 ന് രാവിലെ 9.30 ന് ജാലിയൻവാലാബാഗ്, സുവർണ്ണക്ഷേത്രം എന്നിവ സന്ദർശിച്ചു. രാവിലെ 11.55 ന് ബചത്ഭവൻ കോൺഫറൻസ് ഹാളിൽ സമിതി, ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ ചുവടെ ചേർത്തിരിയ്ക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.

ശ്രീമതി കെ.എസ്. സലീഖ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഡി. കൃഷ്ണൻ കുട്ടി, സെക്ഷൻ ഓഫീസർ.

സമിതിയുടെ വാഗാ ബോർഡർ സന്ദർശനം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. യോഗം ഉച്ചയ്ക്ക് 12.10 ന് അവസാനിച്ചു.

തുടർന്ന് വൈകുന്നേരം 4.30 ന് സമിതി വാഗ ബോർഡർ സന്ദർശിച്ചതിനുശേഷം രാത്രി 7.45 ന് ബചത് ഭവനിൽ മടങ്ങിയെത്തുകയും തുടർന്ന് ന്യൂഡൽഹിയിലേക്ക് യാത്ര തിരിക്കുകയും ചെയ്തു. 12.08.2015 ന് രാവിലെ സമിതി ന്യൂഡൽഹിയിൽ എത്തിച്ചേർന്നു.

12.08.2015 ന് രാവിലെ 9.00 മണിയ്ക്ക് കേരള ഹൗസ് കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായി.

ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.

ശ്രീമതി കെ.എസ്. സലീഖ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഡി. കൃഷ്ണൻ കുട്ടി, സെക്ഷൻ ഓഫീസർ.

സമിതി പഠനയാത്രയെപ്പറ്റി വിലയിരുത്തുകയും പഠനയാത്രയിൽ ലഭിച്ച വിവരങ്ങൾ മനസ്സിലാക്കുകയും ഓരോ സംസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളെ സംബന്ധിച്ച് അവലോകനം നടത്തുകയും ചെയ്തു. സമിതിയോഗം രാവിലെ 9.20 ന് അവസാനിച്ചു.

## 2015 ഡിസംബർ 3-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII, 2015 ഡിസംബർ 03-ാം തീയതി വ്യാഴാഴ്ച നിയമസഭാസമ്മേളനത്തിനുശേഷം രാവിലെ 11.30 - ന് നിയമസഭാസമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ വച്ച് സമിതി ചെയർമാൻ ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം.കെ.മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ
3. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി എസ്.ജയന്തി, ജോയിന്റ് സെക്രട്ടറി,
2. ശ്രീമതി എ.ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സഖറിയ.പി.സാമുവൽ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീമതി നളിനി നെറ്റോ, എ.സി.എസ്. ആഭ്യന്തരവും വിജിലൻസും വകുപ്പ്.
2. ശ്രീ. സുബ്രതാ ബിശ്വാസ്, എ.സി. എസ്. പട്ടിക വർഗ്ഗവികസന വകുപ്പ്.
3. ശ്രീ. ഇന്ദർജിത് സിംഗ്, എ.സി.എസ്. പട്ടികജാതി വികസന വകുപ്പ്.
4. ശ്രീ.എ. ഷാജഹാൻ, സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
5. ശ്രീ. കെ.ജി.ഭട്ട്, ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
6. ശ്രീമതി കെ. പി. രമാദേവി, അഡീഷണൽ സെക്രട്ടറി, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ്
7. ഡോ. ടി.പി.അഷ്റഫ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
8. ശ്രീ.എസ്.യു. രാജീവ്, ജോയിന്റ് സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ്.

9. ശ്രീ. കെ. മഹേന്ദ്രൻ, ഡെപ്യൂട്ടി സെക്രട്ടറി റവന്യൂ വകുപ്പ്

10. ശ്രീമതി എ.കെ.സ്റ്റെല്ലാ ലിറ്റിൽ ഫ്ലവർ, അണ്ടർ സെക്രട്ടറി, റവന്യൂ വകുപ്പ്.

I. ബാലനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ടിലെ 21-ാം ഖണ്ഡികയിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി റിപ്പോർട്ട്

(ഫയൽ നമ്പർ 3842/സബ്.സി.ജി2/2014/നി.സെ)

പ്രസ്തുത ശിപാർശയിൽ റവന്യൂ (എ) വകുപ്പുലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചില്ല. ഇതൊരു സാമൂഹ്യപ്രശ്നമാണെന്നതിനാൽ ഇക്കാര്യത്തിൽ നയപരമായ തീരുമാനം ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ സമിതി നിർദ്ദേശം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിച്ചു.

II. 2007-08 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് 146-ാം ഖണ്ഡിക

(ഫയൽ നമ്പർ 600/സബ്.സി.ജി2/2011/നി.സെ)

ആഭ്യന്തരം, സാമൂഹ്യനീതി എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ മറുപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

III. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിലന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റുമെന്റുകൾ സംബന്ധിച്ച വിവരം

(a) **പട്ടികജാതി വികസന വകുപ്പ്**

2012-13 ലെ രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3084/സബ്.സി.ജി2/2014/നി.സെ)

ഖണ്ഡിക 1, 2, 3, 5, 16 അംഗീകരിച്ചു.

(b) <u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

(ഫയൽ നമ്പർ 3084/സബ്.സി.ജി2/2014/നി.സെ)

ഖണ്ഡിക 17, 18, 19, 20, 21, 22, 23, 24, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, അംഗീകരിച്ചു.

IV. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഒന്നാം ഖണ്ഡികയിലെ ശിപാർശയിന്മേൽ പട്ടികജാതി വികസന വകുപ്പു ലഭ്യമാക്കിയ പുതുക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3158/സബ്.സി.ജി2/2014/നി.സെ)

V. <u>കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗത്തിനുള്ള കമ്മീഷൻ നിലവിൽ വന്നതു മുതൽ പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ടിലെ സെക്ഷൻ 3 കൂടി ഉൾപ്പെടുത്തി എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന വിവരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 1326/സബ്.സി.ജി2/2014/നി.സെ)

ഇതിന്മേലുള്ള നടപടി റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് സമിതിയിൽ ലഭ്യമാക്കി. ആയത് സമിതി പരിഗണിച്ച് അംഗീകരിച്ചു.

VI. ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യവേ 19.03.2013-ലെ സമിതി യോഗം ആവശ്യപ്പെട്ടിരുന്ന അധികവിവരം സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭ്യമാക്കാതിരുന്നതിനാൽ ഇതു സംബന്ധിച്ച് 16.03.2015-ൽ തെളിവെടുപ്പു നടത്തിയപ്പോൾ സാമൂഹ്യനീതി വകുപ്പുദ്യോഗസ്ഥർ അധികവിവരം സമിതിക്ക് നൽകാമെന്ന് അറിയിച്ചിരുന്നെങ്കിലും പ്രസ്തുത വിവരം ഇതുവരെയും ലഭ്യമാക്കിയിട്ടില്ലെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

(ഫയൽ നമ്പർ 3263/സബ്.സി.ജി2/2013/നി.സെ)

ഇതിൻമേലുള്ള റിപ്പോർട്ട് സമിതിയോഗത്തിൽ സാമൂഹ്യനീതി വകുപ്പ്

ഉദ്യോഗസ്ഥർ ലഭ്യമാക്കിയത് സമിതി അംഗീകരിച്ചു.

VII 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ മൂന്നാമത് റിപ്പോർട്ടിലെ 58-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ആഭ്യന്തര വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭിയ്ക്കാത്തത് സംബന്ധിച്ച്.

(ഫയൽ നമ്പർ 2744/സബ്.സി.ജി2/2013/നി.സെ)

പ്രസ്തുത ഖണ്ഡികയിന്മേലുള്ള മറുപടി സമിതിയുടെ അടുത്തയോഗത്തിൽ പരിഗണിയ്ക്കത്തക്ക രീതിയിൽ ലഭ്യമാക്കണമെന്ന് ആഭ്യന്തര വകുപ്പിന് സമിതി നിർദ്ദേശം നൽകി.

**VIII. പെൻഡിംഗ് ലിസ്റ്റ്**

**(1) 2009-10 ലെ നാലാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 11115/സബ്.സി.ജി2/2011/ലെ.ജി)

ഖണ്ഡിക നമ്പർ 194 ന്മേലുള്ള മറുപടി സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണയ്ക്കത്തക്ക രീതിയിൽ ലഭ്യമാക്കണമെന്ന് സാമൂഹ്യ നീതി (എ) വകുപ്പിന് സമിതി നിർദ്ദേശം നൽകി.

**(2) 2011-12-ലെ ഒന്നാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 4876/സബ്.സി.ജി2/2011/നി.സെ)

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് അടുത്തയോഗത്തിൽ പരിഗണിയ്ക്കത്തക്ക രീതിയിൽ ലഭ്യമാക്കണമെന്ന് സാമൂഹ്യനീതി വകുപ്പിന് സമിതി നിർദ്ദേശം നൽകി.

**(3) 2011-12-ലെ ഒന്നാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 4876/സബ്.സി.ജി2/2011/ലെ.ജി)

ഖണ്ഡിക നമ്പർ 1, 2, 3, 8 എന്നിവയിന്മേലുള്ള ഡിലെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കാനുണ്ടായിരുന്നത്. പ്രസ്തുത ഡിലെ സ്റ്റേറ്റുമെന്റുകൾ, സമിതി യോഗത്തിൽ

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ലഭ്യമാക്കി. ആയതിനാൽ 1, 2, ,3, 8 ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ടി വകുപ്പിൽ നിന്നും ലഭ്യമാക്കിയിരുന്ന നടപടി റിപ്പോർട്ടുകൾ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## (4) 2011-12-ലെ ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4876/സബ്.സി.ജി2/2011/ലെ.ജി)

ഖണ്ഡിക നമ്പർ 7 ന് മേലുള്ള ഡിലെ സ്റ്റേറ്റ്മെന്റ് സമിതി യോഗത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ ലഭ്യമാക്കിയതിനെ തുടർന്ന് നേരത്തെ ലഭ്യമാക്കിയിരുന്ന നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## (5) 2012-13-ലെ രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3084/സബ്.സി.ജി2/2012/നി.സെ)

ഖണ്ഡിക നമ്പർ 6, 12 എന്നിവയിലെ ശിപാർശകൾക്കുള്ള നടപടി റിപ്പോർട്ടുകളും ഡിലെ സ്റ്റേറ്റ്മെന്റുകളും സമിതിയോഗത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ ലഭ്യമാക്കിയതിനാൽ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## (6) 2014-15-ലെ നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3158/സബ്.സി.ജി2/2014/നി.സെ)

2014-15 ലെ നാലാമത് റിപ്പോർട്ടിലെ 48-ാം ഖണ്ഡികയിന്മേലുള്ള മറുപടി സമിതിയുടെ അടുത്തയോഗത്തിൽ പരിഗണിക്കത്തക്ക രീതിയിൽ ലഭ്യമാക്കണമെന്ന് ധനകാര്യ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 12.15 ന് യോഗം പിരിഞ്ഞു.

## 2015 ഡിസംബർ 07-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII, 2015 ഡിസംബർ 07-ാം തീയതി തിങ്കളാഴ്ച നിയമസഭാ സമ്മേളനത്തിനുശേഷം [വൈകുന്നേരം 5.45 മണിക്ക്] നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീമതി പി. കെ. ജയലക്ഷ്മിയും ചുവടെ ചേർക്കുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു.

1. ശ്രീ. ചിറ്റയം ഗോപകുമാർ, എം. എൽ. എ.
2. ശ്രീ. പുരുഷൻ കടലുണ്ടി, എം. എൽ. എ.
3. ശ്രീ. കെ. രാധാകൃഷ്ണൻ, എം. എൽ. എ.
4. ശ്രീ. ആർ. രാജേഷ്, എം. എൽ. എ.
5. ശ്രീമതി കെ. എസ്. സലീഖ, എം. എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി. എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്.
2. ശ്രീമതി കെ. എ. ശ്രീലത, എ. എൽ. എസ്., നിയമ വകുപ്പ്.

2015 ലെ മുന്നോക്കവിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ, സമിതി പരിഗണനയ്ക്കെടുക്കുകയും ചുവടെ പറയും പ്രകാരം ചർച്ച നടത്തുകയും ചെയ്തു.

ഇത്തരത്തിലുള്ള ഒരു കമ്മീഷൻ രൂപീകരിയ്ക്കാൻ കാരണമെന്തെന്ന സമിതിയുടെ ചോദ്യത്തിന്, സംസ്ഥാനത്തെ 26% വരുന്ന മുന്നോക്ക വിഭാഗങ്ങൾ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരാണെന്നും, അവർക്ക് സഹായം നൽകുന്നതിന് ഒരു സംവിധാനവും നിലവിലില്ലെന്നും അവരെ തിരിച്ചറിയുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നതിനും വേണ്ടിയാണ് കമ്മീഷൻ രൂപീകരിയ്ക്കുന്നതെന്ന് പൊതുഭരണവകുപ്പ് സെക്രട്ടറി സമിതിയ്ക്ക് മറുപടി നൽകി.

ഇപ്രകാരം ഒരു നിയമം കൊണ്ടുവരുന്നതിന് ഭരണഘടനാപരമായി തടസ്സങ്ങളില്ലേയെന്ന സമിതിയുടെ ചോദ്യത്തിന്, ഭരണഘടനാപരമായി തടസ്സങ്ങളില്ലെന്ന് നിയമവകുപ്പ് ഉദ്യോഗസ്ഥർ സമിതിയ്ക്ക് മറുപടി നൽകി.

സാമ്പത്തിക ആനുകൂല്യം ഇപ്പോൾ നൽകുന്നുണ്ടോ; കമ്മീഷന്റെ ചെയർമാൻ ആരാണ്, എത്ര അംഗങ്ങളുണ്ട്, എന്നിങ്ങനെ സമിതി ആരാഞ്ഞതിന്, മുന്നോക്ക കോർപ്പറേഷന് സ്കോളർഷിപ്പ് നൽകുന്ന ഒരു സ്കീമുണ്ടെന്നും കഴിഞ്ഞ വർഷം മെഡിക്കൽ/എൻജിനീയറിംഗ് എൻട്രൻസ് റാങ്ക് നേടിയവർക്ക് നൽകിയെന്നും ജഡ്ജിയെയാണ് ചെയർമാനായി നിയമിക്കുന്നതെന്നും ചെയർമാനെ കൂടാതെ രണ്ടു നോമിനികളും ഒരു മെമ്പർ സെക്രട്ടറിയുമാണ് ഇതിലെ അംഗങ്ങളെന്നും പൊതുഭരണവകുപ്പ് സെക്രട്ടറി സമിതിയ്ക്ക് മറുപടി നൽകി.

2015 ലെ മുന്നോക്ക വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ ഭേദഗതികളില്ലാതെ സമിതി അംഗീകരിച്ചു.

യോഗം വൈകുന്നേരം 6.10 മണിയ്ക്ക് പിരിഞ്ഞു.

## 2016 ഫെബ്രുവരി 05-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

(ഫയൽ നമ്പർ 7041/സബ്. സി. ജി.2/2015/നി.സെ)

സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII, 2016 ഫെബ്രുവരി 05-ാം തീയതി വെള്ളിയാഴ്ച സഭ പിരിഞ്ഞതിനു ശേഷം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി എക്സ് ഓഫീഷ്യോ അംഗം, പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീമതി പി. കെ. ജയലക്ഷ്മിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങൾ തദവസരത്തിൽ ഹാജരായിരുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി, എം. എൽ. എ.

ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**:

ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.

ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ബി. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്.
2. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
3. ശ്രീ. ഡി. സാജു, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. വി. എൻ. ജിതേന്ദ്രൻ, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.
5. ഡോ. എസ്. ബിന്ദു, ഡയറക്ടർ, കിർത്താഡ്സ്.
6. ശ്രീ. എച്ച്. ഗോപകുമാർ, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
7. ശ്രീമതി കെ. എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
8. ശ്രീ. എ. ജെ. പ്രിൻസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

9. ശ്രീമതി ടി. പി. രജനി, ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

10. ശ്രീമതി എം. കെ. ബിന്ദു തങ്കച്ചി, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

I. കിർത്താഡ്സ് സബോർഡിനേറ്റ് സർവ്വീസ് 2007 വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടങ്ങൾ സമിതി പരിഗണനയ്ക്കെടുക്കുകയും "ഒക്ടോബർ 2014" എന്ന തീയതിയ്ക്കു പകരം "................2016" എന്നും "2014" എന്ന് ചേർത്തിരിക്കുന്നതെല്ലാം "2016" എന്നുമുള്ള ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 6697/സബ്. സി. ജി 2/2015/നി.സെ.)

II ബാലനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ ചുവടെ ചേർത്തിരിക്കുന്നവ സമിതി അംഗീകരിച്ചു. (ഫയൽ നമ്പർ 3842/സബ്.സി.ജി2/2014) പൊതു ശിപാർശ ഖണ്ഡിക 1, 6, 23, 26, 27, 29 അംഗീകരിച്ചു.

(1) ഗവ: ചിൽഡ്രൻസ് ഹോം (ഗേൾസ്) വെള്ളിമാട്കുന്ന്, കോഴിക്കോട്.
ഖണ്ഡിക നമ്പർ 1, 3, 7 അംഗീകരിച്ചു.

(2) ഗവ: ചിൽഡ്രൻസ് ഹോം (ബോയ്സ്) വെള്ളിമാട്കുന്ന്, കോഴിക്കോട്.
ഖണ്ഡിക നമ്പർ 1, 4 അംഗീകരിച്ചു.

III <u>പെൻഡിംഗ് ലിസ്റ്റ്</u>

1) <u>സാമൂഹ്യനീതി വകുപ്പ്</u>

ബാലനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് പഠന റിപ്പോർട്ടിലെ 55 ശിപാർശകളിൽ 49 എണ്ണം നടപ്പിലാക്കുകയും 6 എണ്ണം വിവിധ ഘട്ടങ്ങളിലുമാണെന്നും ഇതു സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമർപ്പിയ്ക്കുന്നതുമാണെന്നും സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

2009-10-ലെ നാലാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 11115/സബ്. സി. ജി 2/2011/ലെജി)

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുള്ള പ്രൊഫോർമ വികലാംഗ കമ്മീഷണറേറ്റിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണെന്ന് വാക്കാൽ പറഞ്ഞ മറുപടി സമിതി അംഗീകരിച്ചു.

2011-12-ലെ ഒന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 4876/സബ്. സി. ജി 2/2011/ലെജി)

ഖണ്ഡിക 59 അംഗീകരിച്ചു.

(2) ആഭ്യന്തര വകുപ്പ്

2013-14-ലെ മൂന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 2744/സബ്. സി. ജി 2/2013/ലെജി)

ഖണ്ഡിക 58 ൻ മേലുള്ള നടപടി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ഡിലെ സ്റ്റേറ്റ്മെന്റ് ഉടൻ തന്നെ ലഭ്യമാക്കുന്നതാണെന്നും ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

(3) ധനകാര്യ വകുപ്പ്

2014-15-ലെ നാലാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 3158/സബ്. സി. ജി 2/2014/ലെജി)

48-ാം നമ്പർ ശിപാർശ നടപ്പിലാക്കിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച നടപടി റിപ്പോർട്ടും ഡിലെ സ്റ്റേറ്റ്മെന്റും ലഭ്യമാക്കുന്നതാണെന്നും ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.20-ന് പിരിഞ്ഞു.

## 2016 ഫെബ്രുവരി 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

## (ഫയൽ നമ്പർ 879/സബ്.സി.ജി$_2$/2016/നി.സെ)

സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII, 2016 ഫെബ്രുവരി 16-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ ' 4 ബി ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ ചുവടെചേർക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.
2. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.
3. ശ്രീ. പുരുഷൻ കടലുണ്ടി, എം. എൽ. എ.
4. ശ്രീ. കെ. രാധാകൃഷ്ണൻ, എം. എൽ. എ.
5. ശ്രീ. ആർ. രാജേഷ്, എം. എൽ. എ.
6. ശ്രീമതി കെ. എസ്. സലീഖ, എം. എൽ. എ.

### നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

### ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
2. ശ്രീ. ഡി. സാജു, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

3. ശ്രീമതി കെ. എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
4. ശ്രീമതി എൻ. ഡി. ശോഭന, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
5. ശ്രീ. വി. എൻ. ജിതേന്ദ്രൻ, ഡയറക്ടർ സാമൂഹ്യനീതി വകുപ്പ്.
6. ഡോ. പി. പ്രതാപൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അങ്കണവാടി വെൽഫയർ ബോർഡ്.

സമിതി 2016-ലെ അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കുകയും ചുവടെ ചേർക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## 2-ാം വകുപ്പ്

(1) (സി) ഇനത്തിൽ "അങ്കണവാടിയിൽ ഹോണറേറിയം കൈപ്പറ്റി പ്രവർത്തിക്കുന്നതോ ആയ ഒരാൾ എന്നർത്ഥമാകുന്നു" എന്ന വാക്കുകൾക്കു പകരം "അങ്കണവാടിയിൽ ഹോണറേറിയം കൈപ്പറ്റി പ്രവർത്തിക്കുന്നതോ, സർക്കാർ കാലാകാലങ്ങളിൽ അംഗീകരിച്ച മാർഗ്ഗനിർദ്ദേശപ്രകാരം വർക്കറായി സ്ഥിരനിയമനം ലഭിച്ചതോ ആയ ഒരാൾ എന്നർത്ഥമാകുന്നു;" എന്ന വാക്കുകൾ ചേർക്കുക.

(2) (ഡി) ഇനത്തിൽ "അങ്കണവാടിയിൽ ഹോണറേറിയം കൈപ്പറ്റി പ്രവർത്തിക്കുന്നതോ ആയ ഒരാൾ എന്നർത്ഥമാകുന്നു" എന്ന വാക്കുകൾക്കു പകരം "അങ്കണവാടിയിൽ ഹോണറേറിയം കൈപ്പറ്റി പ്രവർത്തിക്കുന്നതോ, സർക്കാർ കാലാകാലങ്ങളിൽ അംഗീകരിച്ച മാർഗ്ഗനിർദ്ദേശപ്രകാരം ഹെൽപ്പറായി സ്ഥിരനിയമനം ലഭിച്ചതോ ആയ ഒരാൾ എന്നർത്ഥമാകുന്നു;" എന്ന വാക്കുകൾ ചേർക്കുക.

(3) (എഫ്) എന്ന ഇനം ഒഴിവാക്കുക.

(4) (ക്യൂ) എന്ന ഇനം (പി) എന്ന് പുനരക്ഷരം ചെയ്യുകയും "കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം" എന്ന വാക്കുകൾ ഒഴിവാക്കുകയും കൂടാതെ "തെരഞ്ഞെടുക്കുന്നതിനായി രൂപീകരിച്ച" എന്ന വാക്കുകൾക്കുപകരം "തെരഞ്ഞെടുക്കുന്നതിനായി സർക്കാർ രൂപീകരിച്ച"എന്ന വാക്കുകളും ചേർക്കുക.

## 8-ാം വകുപ്പ്

"അങ്കണവാടി കാര്യകർത്താ ഭീം യോജന എന്നു പേരുള്ള" എന്ന വാക്കുകൾക്കു പകരം "അവർക്ക് ബാധകമാക്കിയിട്ടുള്ള" എന്ന വാക്കുകൾ ചേർക്കുക.

## 11-ാം വകുപ്പ്

2-ാം ഉപവകുപ്പിൽ "മൂന്നിൽ രണ്ട് "എന്ന വാക്കുകൾക്കു പകരം "പകുതിയിലധികം" എന്ന വാക്ക് ചേർക്കുക.

## 12-ാം വകുപ്പ്

(1)-ാം ഉപവകുപ്പിൽ "10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ii)-ഉം (iii)-ഉം ഖണ്ഡങ്ങൾ" എന്നതിനുപകരം 10-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (i)-ഉം (ii)-ഉം- (iii-)ഉം ഖണ്ഡങ്ങൾ" എന്ന് ചേർക്കുക.

## 28-ാം വകുപ്പ്

(2)-ാം ഉപവകുപ്പിൽ "ഈ ഓർഡിനൻസ് " എന്ന വാക്കുകൾക്കു പകരം 'ഈ ആക്റ്റ്" എന്ന വാക്കുകൾ ചേർക്കുക.

വിയോജനക്കുറിപ്പു കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി നൽകുകയുണ്ടായി.

യോഗം ഉച്ചയ്ക്കുശേഷം 2.40 ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.